For Private Circulation Only

May 2023

ആഗമനാരുണൻ

Vol.70

“ നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും ” (യിരെ. 29:13)

No.5

ശ്രേഷ്ഠമായ കലവറ

By Charles H Spurgeon

“ സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊൾക; ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നതു ” (സദൃ. 4:23).

ഇപ്പോൾ, താങ്കൾ ആരാണോ കർത്താവിനെ സ്നേഹിക്കുന്നത്, താങ്കളുടെ ഹൃദയത്തിന്റെ ഉറവിടമായ വങ്കലേയ്ക്കു ഞാൻ എടുക്കട്ടെ, അതുപോലെ തന്നേ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നത് താങ്കളുടെ ഹൃദയത്തെ ശരിയായിട്ടു കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകത താങ്കൾക്ക് ഉണ്ടായിരിക്കുന്നുവെങ്കിൽ താങ്കളുടെ ജീവിതം സന്തോഷപ്രദവും അതുപോലെ മറ്റുള്ളവർക്ക് പ്രയോജനപ്രദവും ആകുമായിരുന്നു.

താങ്കളുടെ ഹൃദയത്തെ പൂർണ്ണതയോടു സൂക്ഷിക്കുക

ഒന്നാമതായിട്ടു, ഹൃദയത്തെ പൂർണ്ണതയോടുകൂടി കാത്തു സൂക്ഷിക്കേണ്ടതിന്റെ ആവശ്യകതയെകുറിച്ച് അഭ്യസിക്കുക; ഈ ചോദ്യങ്ങൽ ഉന്നയിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച്: എങ്ങനെയാണ് എന്റെ ഹൃദയത്തെ പൂർണ്ണതയോടു കാത്തു സൂക്ഷിക്കുവാൻ എ നിക്കു സാധിക്കുന്നത്? എപ്രകാരമാണ് എന്റെ മനോവികാരങ്ങൾ ശക്തമായിരിക്കുന്നത്? എങ്ങനെയാണ് എനിക്ക് സൂ ക്ഷിക്കുവാൻ സാധിക്കുന്നത് എന്റെ ആഗ്രഹങ്ങൾ കത്തി ജ്വലിക്കാതെയും അതുപോലെ എന്റെ അഭിനിവേശം അണയാതെയും.

ദൈവമക്കളെ ഇവിടെ ഒരു വേദഭാഗം ഉണ്ട് ഇതിനെല്ലാം ശരിയായ വിശദീകരണവും ആയിട്ടു. “ എന്റെ ഉറവുകൾ ഒക്കെയും നിന്നിൽ ആകുന്നു എന്നു സംഗീതക്കാരും നൃത്തം ചെയ്യുന്നവരും ഒരുപോലെ പറയും ” (സങ്കീ. 87:7). ദൈവത്തിങ്കൽ നിങ്ങളുടെ സകല ഉറവുകളും ഉണ്ടെങ്കിൽ, നിങ്ങളുടെ ഹൃദയം അത് പൂർണ്ണതയുള്ളതായിരിക്കും. കാൽവറിയുടെ പാദത്തിങ്കലേയ്ക്കു നിങ്ങൾ യാത്ര ചെയ്യുന്നുവെങ്കിൽ, അവിടെ നിങ്ങളുടെ ഹൃദയം സ്നേഹത്താലും നന്ദികളാലും നിമജ്ജനം ചെയ്യപ്പെടും. നിങ്ങൾ എപ്പോഴും ഒരു യാത്ര അയപ്പ് നേടുന്നതിനുള്ള മനോഭാവത്തിലാണെങ്കിൽ (ഒളിച്ചോട്ട ചിന്തയിലാണെങ്കിൽ) അവിടെ ദൈവത്തോടു സംസാരിക്കുക അത് ആകുന്നു നിങ്ങളുടെ ഹൃദയത്തെ ആശ്വാസപ്രദമാ ക്കുന്നത്. യജമാനന്റെ കൂടെ ആ ഒലിവു മലയിലേക്കു നിങ്ങൾ ഒന്നു പോകുവാൻ തയ്യാറാണെങ്കിൽ, എന്നിട്ട് അവങ്കലേയ്ക്ക് ഒന്നു നോക്കുകയാണെങ്കിൽ, ആ വഴി തെറ്റിയ യെരുശലേമിൽ നിന്നു അവിടുത്തെ സന്നിധിയിൽ കരയുകയാണെങ്കിൽ അപ്പോൾ നിങ്ങളുടെ ഹൃദയം മുഴുൻ സ്നേഹത്താൽ നിറയപ്പെടുകയും ഒരിക്കലും മരിപ്പിക്കുകയും ഇല്ല ആത്മാക്കളെ.

നിങ്ങൾ നിരന്തരമായിട്ടു പ്രേരിപ്പിക്കപ്പെടുകയും, നിങ്ങളുടെ ജീവിതം, പരിശുദ്ധാത്മാവിൽ നിന്ന് നിങ്ങളുടെ സമസ്തവും അവനെ കൂടാതെ ഒന്നും തന്നെ നിങ്ങൾക്ക് പ്രവർത്തിക്കുവാൻ സാധിക്കാത്തതും; അതുപോലെ ക്രിസ്തുവിനോടു കൂടി വളരെ അടുത്ത് ഒരു ബന്ധത്തിൽ നിങ്ങൾ ജീവിക്കുകയാണെങ്കിൽ, അവിടെ യാതൊരു തരത്തിലും ഉള്ള ഭയം കടന്നു വരാതെയും കാത്തുസൂക്ഷിക്കും. നിങ്ങളുടെ ഹൃദയം അത് ഉണങ്ങി വരണ്ടുപോകുകയും ഇല്ല. ആരാണോ പ്രാർത്ഥന കൂടാതെ ജീവിക്കുന്നത്: അവൻ വചനം ധ്യാനിക്കുന്നത് ഒഴിവാക്കുന്നു. അവൻ സ്വർഗ്ഗത്തിലേയ്ക്കു നോക്കുന്നത് വളരെ അപൂർവ്വവും ആയിരിക്കും. ഉയരത്തിൽ നിന്നുള്ള ആ നവീനമായ ശക്തിയാൽ നിറയപ്പെടുന്നതും അവന്റെ ഹൃദയം വളരെ ഉണങ്ങിയതും വന്ധ്യതയുള്ളതും ആയ മനുഷ്യൻ ആയിരിക്കും. എന്നാൽ ആരാണോ രഹസ്യത്തിൽ അവന്റെ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നത്; ആരാണോ ധാരാളം സമയം പരിശുദ്ധമായ ജീവിതം ചെലവിടുന്നത്; ഏറ്റവും ഉന്നതനായവന്റെ തിരുവചനത്തെ ധ്യാനിക്കുന്നത് അവരാണ് സന്തോഷം കണ്ടെത്തുന്നവർ; അവിടുത്തെ പരിപൂർണ്ണതയിൽ ആരാണോ സന്തോഷിക്കുന്നത്, അവിടുത്തെ സർവ്വ ശക്തിയിൽ സന്തോഷിക്കുകയും, അവിടുത്തെ രണ്ടാംവരവിനെ കാംക്ഷിച്ചുകൊണ്ട് പ്രാർത്ഥിച്ചുകൊണ്ട് ജീവിക്കുന്നവൻ, അവിടുത്തെ മഹത്വകരമായ വരവിനെ ഓർത്ത് സന്തോഷിക്കുന്നവൻ അങ്ങനെ യുള്ള ഒരു മനുഷ്യൻ, ഞാൻ പറയുന്നു; അവന് ഒരു നിറഞ്ഞു കവിയുന്ന ഹൃദയം ഉണ്ടായിരിക്കുമെന്ന്. അതുപോലെ അവന്റെ ഹൃദയം അപ്രകാരം ഉള്ളതായിരിക്കും അത് ഒരു പരിപൂർണ്ണമായ ജീവിതം ആയിരിക്കും.

“ സകല ജാഗ്രതയോടും കൂടെ നിന്റെ ഹൃദയത്തെ കാത്തുകൊള്ളുക ”, പരിശുദ്ധാത്മാവിന് ഇതിനെ പൂർണ്ണമായിട്ടു സൂക്ഷിക്കുവാൻ വേണ്ടി അവസരം നല്കുക; എന്തുകൊണ്ടെന്നാൽ, വേറൊരു തരത്തിൽ പറഞ്ഞാൽ, നിങ്ങളുടെ ജീവതത്തിന്റെ ഉറവുകൾ എല്ലാം ബലഹീനവും ആഴം കുറഞ്ഞതും ആകുന്നു.

നിങ്ങളുടെ ഹൃദയത്തെ വിശുദ്ധിയോടു കാത്തുസൂക്ഷിക്കുക.

ആഹാ! ദൈവമക്കളെ നിങ്ങളുടെ ഹൃദയത്തെ വിശുദ്ധിയോടെ കാത്തു സൂക്ഷിക്കുക. നിങ്ങൾ ചോദിക്കുക, എങ്ങനെയാണ് ഇത് എനിക്ക് സാധ്യം ആകുന്നത്? കൊള്ളാം, മാറായുടെ ഒരു പഴയ ഉറവയുണ്ട്, ഏതിലാണോ ആ മരുഭമിയിലെ ദാഹിച്ചുവലഞ്ഞ് തീർത്ഥാടകർ വെള്ളം കുടിക്കുന്നതിനായിട്ട് വന്നത്; ആ വെള്ളം രുചിച്ച് നോക്കുന്നതിനായിട്ട് അവർ വന്നുചേർന്നപ്പോൾ, അത് വളരെ കാഞ്ഞിരംപോലെ കയ്പും രുചിയുള്ളതും അവരുടെ നാവുകൾ **പന്തം** പോലെയുള്ളതുമായിരുന്നു. അതുപോലെ തന്നേ വായുടെ ഉൾഭാഗത്തിന്റെ മുകൾവശം ചൂടു ഉണ്ടായിരുന്നതിനാൽ വരണ്ടതും ആയിരുന്നു. എന്നിട്ട് അവർക്ക് കയ്പേറിയ വെള്ളം കുടിക്കുവാൻ സാധിച്ചില്ല. താങ്കൾക്ക് അറിയാമോ ദൈവപുരുഷനായ മോശെ അതിന്റെ പരിഹാരം എന്താണെന്ന് നിർദ്ദേശിച്ചത്. ഇതാകുന്നു പരിഹാര മാർഗ്ഗം. ഏതാണോ ഞാൻ താങ്കൾക്കു നിർദ്ദേശിക്കുന്നത്. “ യഹോവ അവന് ഒരു വൃക്ഷം കാണിച്ചുകൊടുത്തു.

(ശേഷം 2-ാം പേജിൽ)

(1-ാം പേജിന്റെ തുടർച്ച)

ശ്രേഷ്ഠമായ കലവറ

അവൻ അത് വെള്ളത്തിൽ ഇട്ടപ്പോൾ വെള്ളം മധുരമായിത്തീർന്നു. " (പുറ. 15:25).

സ്വഭാവത്താൽ താങ്കളുടെ ഹൃദയം മാറായിലെ വെള്ളം പോലെ കയ്പുള്ളതും അതുപോലെ ശുദ്ധിയില്ലാത്തതും ആയിരിക്കാം. ഇവിടെ ഇതാ ഒരു വൃക്ഷം ഉണ്ട്, നിങ്ങൾക്ക് അറിയാം അതിന്റെ പേര്, അതെ ആ മരത്തിന്മേൽ ആണ് രക്ഷകൻ തൂങ്ങപ്പെട്ടതും, ക്രൂശ്. ആ വൃക്ഷത്തെ എടുക്കുക, താങ്കളുടെ ഹൃദയത്തിൽ അതിനെ പ്രതിഷ്ഠിക്കുക, അതു വളരെ അശുദ്ധമായിരുന്നുവെങ്കിലും, ആ മാധുര്യമേറിയ ക്രൂശ്, പരിശുദ്ധാത്മാവിന്റെ സഹായത്താൽ അതിനെ പ്രയോജനപ്പെടുത്തുമ്പോൾ, അത് വളരെ വേഗത്തിൽ അതിന്റെ തനതായ സ്വഭാവഗുണങ്ങളോടുകൂടി രൂപാന്തരപ്പെടുകയും, അങ്ങനെ അത് വളരെ പരിശുദ്ധമാകുകയും ചെയ്യും. ക്രിസ്തുയേശുവാണ് ഹൃദയത്തിൽ വളരെ മാധുര്യമായ വിശുദ്ധീകരണം നടത്തുന്നത്. " അവിടുന്ന് നമ്മെ വിശുദ്ധീകരിച്ചിരിക്കുകയാണ് " (1കൊരി. 1:30).

ദൈവപുരുഷനായ ഏലിയാവ് വെള്ളത്തിൽ ഉപ്പ് ഇട്ടു (2 രാജാ.2 :21), എന്നാൽ ഇന്ന് നാം യേശുവിന്റെ രക്തത്തെയാണ് ഉപയോഗിക്കേണ്ടത്. ഒരിക്കൽ നാം യേശുവിന്റെ സ്നേഹത്തെ അറിഞ്ഞാൽ, ഒരിക്കൽ നമ്മുടെ ആരാധനയുടെ വിഷയം അവിടുത്തെ ക്രൂശ് ആയി തീർന്നാൽ അതുപോലെ തന്നേ നമ്മുടെ സന്തോഷത്തിന്റെ പ്രതിപാദ്യവിഷയവും ആയി തീർന്നാൽ, ഹൃദയം അതിന്റെ കിരണത്താൽ വെടിപ്പുള്ളതായി തീരും, ജീവിതം അത് പൂർണ്ണമായി വിശുദ്ധവും ആകും. ഓ! അത് നാം സകലരും ആ പരിശുദ്ധമായ പാഠഭാഗം അഭ്യസിച്ചതുമാണ്. ഹൃദയത്തിൽ ആ ക്രൂശിനെ പ്രതിഷ്ഠിക്കേണ്ടതിനെ കുറിച്ചും! ദൈവമക്കളെ! നിങ്ങളുടെ രക്ഷകനെ അധികം സ്നേഹിക്കുക; പരിശുദ്ധാതാമാവിനോടു വിളിച്ചു കരയുക. അത് നിങ്ങൾക്ക് അധികം സ്നേഹത്തെ യേശുവിൽ സൃഷ്ടിക്കുന്നതിനായിട്ടു; അപ്പോൾ എന്നിരുന്നാലും നിങ്ങളുടെ പാപം ഉണ്ടായിരുന്നാലും, കവിയോടു ചേർന്ന് നിങ്ങൾക്കും പറയാം.

" അവിടുത്തെ നാമത്താൽ ഇപ്പോൾ ഞാൻ വഹിക്കുന്ന സ്നേഹം,
എന്തു ആയിരുന്നു എന്റെ നേട്ടം എന്റെ ചേതം ആയിട്ട് ഞാൻ എണ്ണുന്നു; എന്റെ പഴയ അഹങ്കാരത്തെ ഞാൻ വിളിക്കുന്നു എന്റെ ലജ്ജയോടു എന്റെ കീർത്തിയെ അവിടുത്തെ ക്രൂശിൽ ഞാൻ അടിച്ച് ബന്ധിപ്പിക്കുന്നു ".

ഹൃദയത്തിലെ ക്രൂശ് ആണ് ആത്മാവിനെ വിശുദ്ധീകരിക്കുന്നത്; അത് മനസ്സിന്റെ ശയനമുറിയെ പരിശുദ്ധവും അതുപോലെ വൃത്തി ഉള്ളതും ആക്കുന്നു. ദൈവമക്കളെ നിങ്ങളുടെ ഹൃദയത്തെ വിശുദ്ധം ആയിട്ടു സൂക്ഷിക്കുക, ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നത്.

താങ്കളുടെ ഹൃദയത്തെ സമാധാനത്തോടു കാത്തു സൂക്ഷിക്കുക

ഇപ്പോൾ താങ്കളുടെ ഹൃദയത്തെ ശരിയായിട്ടു കാത്തു സൂക്ഷിക്കുക. അതിനെ താങ്കൾ ദണ്ഡിപ്പിക്കരുത്. പരിശുദ്ധാത്മാവു ദാവീദിനോടു പറയുകയാണ്, " നിന്റെ ഹൃദയത്തിൽ കുത്തുകൊണ്ടിട്ട് യഹോവയോടു ഞാൻ ഈ ചെയ്തതു മഹാപാപം; എന്നാൽ യഹോവേ, അടിന്റെ കുറ്റം ക്ഷമിക്കേണമേ; ഞാൻ വലിയ ഭോഷത്വം ചെയ്തുപോയി എന്നു പറഞ്ഞു" (2ശമു. 24:10). ഒരു നല്ല മനുഷ്യനെ സംബന്ധിച്ചിടത്തോളം ഹൃദയത്തെ ദണ്ഡിപ്പിക്കുക എന്നത് വളരെ വേദനാജനകമാണ്. തന്റെ ഹസ്ത മുഷ്ടികൊണ്ട് പ്രഹരിക്കുന്നതിനെക്കാൾ, ഇത് ഒരു തരത്തിലുള്ള പ്രഹരമാണ്. അത് അനുഭവേദ്യവുമാണ്; ഇത് എന്ന് പറഞ്ഞാൽ ഇരുമ്പ് ആത്മാവിലേക്ക് തുളച്ച് പ്രവേശിക്കുന്ന

(ശേഷം 7-ാം പേജിൽ)

കർത്താവിൽ പ്രിയരേ,

യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നേഹ വന്ദനം.

" നിങ്ങൾ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗ്ഗത്തിലും കെട്ടപ്പെട്ടിരിക്കും. നിങ്ങൾ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും എന്നു ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. ഭൂമിയിൽ വെച്ചു നിങ്ങളിൽ രണ്ടു പേർ യാചിക്കുന്ന ഏതു കാര്യത്തിലും ഐകമത്യപ്പെട്ടാൽ അതു സ്വർഗ്ഗസ്ഥനായ എന്റെ പിതാവിങ്കൽ നിന്നു അവർക്കു ലഭിക്കും. രണ്ടോ മൂന്നോ പേർ എന്റെ നാമത്തിൽ കൂടിവരുന്നേടത്തൊക്കെയും ഞാൻ അവരുടെ നടുവിൽ ഉണ്ടു എന്നും ഞാൻ നിങ്ങളോടു പറയുന്നു " (മത്താ. 18:19,20).

ദൈവമക്കളെ, നമ്മുടെ ജീവിതത്തെക്കുറിച്ച് ദൈവത്തിന് ഒരു പദ്ധതിയുണ്ട്. ഓരോ ദിവസവും യഥാർത്ഥ സമർപ്പണത്തോടെ ജീവിക്കുന്ന തന്റെ ഭക്തന്മാർക്കുവേണ്ടി സഹായിക്കുന്ന ഒരു ദൈവം നമ്മോടുകൂടെയുണ്ട്. നമ്മുടെ ആത്മീക ജീവിതത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യം നമുക്ക് ഏറ്റവും അടുത്തിരിക്കുന്നു. ദൈവത്തോടു അടുത്തു വരൂ. ഒരിക്കലും അകന്നുപോകരുതേ. ദൈവം നിങ്ങളെ അനുഗ്രഹിക്കും.

അബ്രഹാമിനോട് ദൈവം പറഞ്ഞു. ഞാൻ നിന്നെ അനുഗ്രഹിക്കും. നീ ഒരു അനുഗ്രഹമായിരിക്കും. ദൈവം നമ്മെ അനുഗ്രഹിക്കുമ്പോൾ നാം കൂടുതൽ മറ്റുള്ളവരെ അനുഗ്രഹിക്കണം. പ്രാർത്ഥനയാണ് അനുഗ്രഹം പ്രാപിക്കാനുള്ള ഏക വഴി. ലോകത്തെയും ലോകത്തിലുള്ളതിനെയും സ്നേഹിക്കരുത്. നിങ്ങൾ ദൈവവുമായി നല്ല ബന്ധമുള്ളവരായിരിക്കണം.

മാസികയുടെ പേരിലുള്ള ബാങ്ക് അക്കൗണ്ട് ചുവടെ ചേർക്കുന്നു. ബിന്ദു.എം ആഗമനദൂതൻ **IFSC code SBIN 0070028 A/c. No. 67342839891** സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ എന്ന പേരിൽ മാസിക നടത്തിപ്പിനായുള്ള സംഭാവന ഡ്രാഫ്റ്റ്/ചെക്ക് എന്നിവ രജിസ്റ്റേഡായി അയക്കുക. അഡ്രസ് മാറ്റം ഉടനെ അറിയിക്കുക.

എല്ലാ മാസികാ മിത്രങ്ങളും ശരീരത്തിലും മനസ്സിലും ആത്മാവിലും ശുഭമായും സുഖമായും പുലരേണ്ടതിനായി പ്രാർത്ഥിക്കുന്നു.

മാസികയെക്കുറിച്ചുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും കത്തുകൾ മുഖേനയോ ഇ-മെയിൽ വഴി അറിയുവാൻ ഞാൻ ആഗ്രഹിക്കുന്നു.

എന്ന് ക്രിസ്തുവിൽ എളിയ സഹോദരി,
ബിന്ദു.എം

ആഗമനദൂതൻ

ബിന്ദു.എം
എഡിറ്റർ
Mob:**8589901702, 8075696168**

അഡ്വ.നോബിൾ
അസോസിയേറ്റ് എഡിറ്റർ
Mob: **9446590913, 9809882926**
കരിത്തിലവിളാകം, ബിൻസി ഭവൻ, ആറാമട പി. ഒ.,
തിരുവനന്തപുരം - 695032
Mob:8589901702,**8075696168**
E-mail:bindhum1971@yahoo.in

മാസിക ആവശ്യമുള്ളവർ ബന്ധപ്പെടുക

മാസികാപ്രവർത്തനത്തിനായി പ്രാർത്ഥിപ്പിൻ !

പാപത്തിന്റെ ബോദ്ധ്യം ഉണർവ്വ് കൊണ്ടുവരുന്നു

By W.c.Moore

വിശുദ്ധനായ ദൈവത്തിൽ നിന്നു ഒരു ശക്തമായ ദർശനം നാം പ്രാപിച്ചിട്ടുണ്ടോ. നാം വളരെ ചുറുചുറുക്കോടെ അവന്റെ നാമത്തിനായിട്ട് ഓടുവാൻ. എന്നിരുന്നാലും നാം അതു പൂർണ്ണമായിട്ടു ഗ്രഹിച്ചിട്ടുണ്ടായിരിക്കാം, നമ്മിൽ ഭൂരിഭാഗത്തിനും ഗുണദോഷിക്കുകയും, ശിക്ഷിച്ചു നന്നാക്കുകയും വേണ്ടതു വളരെ ഭീതിജനകമാണോ? നാം അതിനു സമ്മതിക്കുന്നുവെങ്കിൽ, അതെ സന്തോഷകരം ആയിരിക്കും. വലിയവനായ നമ്മുടെ കർത്താവിനു നമ്മെ ഗുണദോഷിക്കുവാനും അതുപോലെ ശിക്ഷിച്ചു നന്നാക്കുവാനും, അതുമൂലം അവിടുന്ന് മറ്റൊരു ശക്തിമത്തായ പെന്തെക്കോസ്തു അനുഭവം നമ്മുടെമേൽ പകരുകയില്ലയോ?

ഇവിടെ നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ വചനങ്ങൾ, " ഞാൻ നിന്റെ പ്രവൃത്തി അറിയുന്നു; നീ ഉഷ്ണവാനുമല്ല, ശീതവാനുമല്ല ശീതവാനോ ഉഷ്ണവാനോ ആയിരുന്നു എങ്കിൽ കൊള്ളായിരുന്നു. ഇങ്ങനെ ശീതവാനുമല്ല ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാകയാൽ നിന്നെ എന്റെ വായിൽ നിന്നു ഉമിണ്ണുകളയും. ഞാൻ ധനവാൻ, സമ്പന്നനായിരിക്കുന്നു: എനിക്കു ഒന്നിനും മുട്ടില്ല എന്നു പറഞ്ഞുകൊണ്ടു നീ നിർഭാഗ്യനും അരിഷ്ടനും ദരിദ്രനും കരുടനും നഗ്നനും എന്നു അറിയാതിരിക്കയാൽ നീ സമ്പന്നൻ ആകേണ്ടതിനു തീയിൽ ഊതിക്കഴിച്ച പൊന്നും നിന്റെ നഗ്നതയുടെ ലജ്ജ വെളിവാകാതവണ്ണം ധരിക്കേണ്ടതിനു കണ്ണിൽ എഴുതുവാൻ ലേപവും എന്നോടു വിലെക്കു വാങ്ങുവാൻ ഞാൻ നിന്നോടു ബുദ്ധിപറയുന്നു. എനിക്കു പ്രിയമുള്ളവരെ ഒക്കെയും ഞാൻ ശാസിക്കുകയും ശിക്ഷിക്കുകയും ചെയ്യുന്നു; ആകയാൽ നീ ജാഗ്രതയുള്ളവനായിരിക്ക; മാനസാന്തരപ്പെടുക " (വെളി. 3:15-19).

അനേകം വർഷങ്ങൾക്ക് മുമ്പെ ഇവിടെ നമ്മുടെ ആഗമന ദൂതന്റെ ഹെഡ്ക്വാർട്ടറിൽ വച്ച്, ഒരു കൂട്ടം പ്രീയപ്പെട്ടവർ വേൾഡ് ഇവാഞ്ചലൈസേഷൻ ക്രൂസേഡിലെ മിഷനറിമാർ നമ്മുടെ ചാപ്പലിൽ വച്ച് ദൈവ വചനം സംസാരിക്കുകയാൽ ഞങ്ങൾ എല്ലാവരും വളരെ അനുഗ്രഹിക്കപ്പെട്ടു. അവരെല്ലാവരും ഒരു വലിയ ഉണർവ്വ് നടന്നുകൊണ്ടിരിക്കുന്ന ആ ദേശത്തു നിന്നുള്ളവരാകയാൽ അതായത് ബെൽജിയൻ കോങ്കോ -യിൽ നിന്നുള്ളവരാകയാൽ അവർ ഞങ്ങൾക്ക് വളരെ ഭയങ്കരവും അത്ഭുതപ്പെടുത്തുന്നതുമായ ഒരു റിപ്പോർട്ട് കൈമാറി, ശക്തമായ പരിശുദ്ധാത്മാവിന്റെ ഒരു വലിയ പ്രവർത്തനം അങ്ങ് ആകെ തലകീഴായിട്ട് മറിച്ചുകൊണ്ടിരിക്കുകയാണ് ആഫ്രിക്കയുടെ ഹൃദയഭാഗങ്ങളിൽ.

മുറിക്കപ്പെട്ടതും തുറക്കപ്പെട്ടതും

ആ മഹത്തായ ഉണർവ്വിന്റെ ഏറ്റവും എടുത്തു പറയത്തക്കതായ ഒരു പ്രത്യേകത യെന്താണെന്ന് ചോദിച്ചാൽ വളരെ ഭീതിജനകമായ പാപത്തെകുറിച്ചുള്ള ആ ജനങ്ങളുടെ പശ്ചാത്താപവും മാനസാന്തരവും ആയിരുന്നു. അത് രണ്ടു ജനവിഭാഗങ്ങളുടെ ഇടയിലും സംഭവിച്ചു. അതായത് ദൈവമക്കളുടെ ഇടയിലും അതുപോലെ തന്നേ അതുവരേയും മാനസാന്തരപ്പെടാത്തവരിലും. യേശുവിന്റെ വചനങ്ങൾ ആശ്വാസപ്രദനായവ (പരിശുദ്ധാത്മാവ്) ന്റെ വരവിനെകുറിച്ചു പറയുമ്പോൾ, അവൻ ലോകത്തിന്റെ പാപത്തെ ശാസിക്കുന്നു (യോഹ. 17:7-8) ഈ വചനങ്ങൾ ഒക്കെയും അധികം ശക്തിയോടെ ജനത്തിൽ നിവൃത്തീകരിക്കപ്പെടും.

വേറൊരു എടുത്തു പറയത്തക്കതായ പ്രത്യേകതയാണ് പരിശുദ്ധാത്മാവിന്റെ ജീവിത വിശുദ്ധി, ഒരു ആഴമേറിയ പ്രാർത്ഥന ആത്മാവ്, മറ്റുള്ള ദൈവക്കളോടു ഉണ്ടായിരുന്ന അതിരു കടന്ന ദൈവസ്നേഹം, വിനയം ആഴമുള്ളതും സത്യം ആയതും; പ്രായശ്ചിത്തം; പാപത്തെകുറിച്ചുള്ള പശ്ചാത്താപം, വലിയ സന്തോഷം; അവരുടെ ജീവിതങ്ങളിൽ എന്താണോ യേശുകർത്താവ് പ്രവർത്തിച്ചത് അത് സഭയ്ക്ക് പുറത്തുപോയി മറ്റുള്ളവരോടു സാക്ഷ്യപ്പെടുത്തുവാനുള്ള അവരുടെ നിറഞ്ഞു കവിഞ്ഞ അത്യുൽസാഹം.

ഇതാകുന്നു അത്

നാം ഇവിടെ പുസ്തകത്തിലെ ചില ചിന്തകൾ നോക്കുവാൻ പോകുകയാണ്, ഇതാകുന്നു അത്, ഏതാണോ മിഷനറിമാരുടെ റിപ്പോർട്ട് നല്കുന്നത്, ഈ ഉണർവ്വിനെ കുറിച്ച്

(ശേഷം 4-ാം പേജിൽ)

രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണം

അംഗീകരിക്കുക	*ഒരു വ്യത്യാസവുമില്ല എല്ലാവരും പാപം ചെയ്ത് ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു (റോ.3:23)*
പശ്ചാത്തപിക്കുക	*അല്ലല്ല, മാനസാന്തരപ്പെടാഞ്ഞാൽ നിങ്ങൾ എല്ലാവരും അങ്ങനെ തന്നെ നശിച്ചുപോകും (ലൂക്കൊ. 13;3)*
ഏറ്റുപറയുക	*നമ്മുടെ പാപങ്ങളെ ഏറ്റു പറയുന്നു എങ്കിൽ യേശു നമ്മോട് പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിക്കുവാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു (1യോഹ. 1:9)*
ഉപേക്ഷിക്കുക	*ദുഷ്ടൻ തന്റെ വഴിയെയും നീതികെട്ടവൻ തന്റെ വിചാരങ്ങളെയും ഉപേക്ഷിച്ച് യഹോവയിങ്കലേക്ക് തിരിയട്ടെ. അവൻ അവനോട് കരുണ കാണിക്കും. നമ്മുടെ ദൈവത്തിങ്കലേക്ക് തിരിയട്ടെ. അവൻ ധാരാളം ക്ഷമിക്കും.*
ശുദ്ധീകരിപ്പെടുക	*അവന്റെ പുത്രനായ യേശുവിന്റെ രക്തം സകല പാപം പോക്കി നമ്മെ ശുദ്ധീകരിക്കുന്നു (1യോഹ. 1:7).*
വിശ്വസിക്കുക	*തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു. (യോഹന്നാൻ 3:16)*
സമർപ്പിക്കുക	*ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്ന പരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്ക് വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്തങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ. (1കൊരി.6:19,20)*
പ്രാപിച്ചെടുക്കുക	*യേശുവിനെ കർത്താവെന്ന് വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേല്പിച്ചു എന്ന് ഹൃദയം കൊണ്ട് വിശ്വസിക്കുകയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയം കൊണ്ട് നീതിക്കായി വിശ്വസിക്കുകയും വായ്കൊണ്ട് രക്ഷയ്ക്കായി ഏറ്റു പറയുകയും ചെയ്യണം (റോമ.10:9,10)*
സ്നാനം ഏൽക്കുക	*വിശ്വസിക്കുകയും സ്നാനമേൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊ. 16:16)*

(3-ാംപേജിന്റെ തുടർച്ച)

പാപത്തിന്റെ ബോദ്ധ്യം ഉണർവ്വ് കൊണ്ടുവരുന്നു

സംസാരിക്കുന്നത്: "കർത്താവു വേഗത്തിൽ അവിടുത്തെ ആലയത്തിലേക്കു പ്രവേശിച്ചു" (മലാഖി. 3:1-6). ആഫ്രിക്കൻ പള്ളിയിൽ ഇതാണ് സംബവിച്ചത്. ഇത്രയും അത്ഭുതകരമായ പരിശുദ്ധാത്മാവിന്റെ വ്യാപാരം (ഇടപെടൽ) അവിടെയുള്ള മിഷ്യൻ സ്റ്റേഷനുകളിൽ ആദ്യം സംഭവിക്കപ്പെട്ടത് അത് സി.റ്റി. സ്റ്റഡ് ഉം അതുപോലെ എ.ബി. ബക് സ്റ്റോൺ-ൽ കൂടിയും ആയിരുന്നു അനേകം വർഷങ്ങൾക്ക് മുമ്പെ ജനങ്ങളും അതുപോലെ മിഷനറിമാരും കഴിഞ്ഞ ദീർഘവർഷങ്ങൾ ഉണർവ്വിനായിട്ടു പ്രാർ ത്ഥിച്ചുകൊണ്ടിരിക്കുകയായിരുന്നു, എന്നാൽ എപ്പോഴാണോ അത് അവരുടെമേൽ കത്തി പടർന്നത് — അവർ കഷ്ടിച്ച് അറിഞ്ഞതെയുള്ളൂ എപ്രകാരം ആണ് അത് സ്വീകരിച്ചത് എന്ന്. എന്നാൽ ഇതുപോലെയുള്ള ഒരു ആത്മീക ചുഴലിക്കാറ്റിനെ അവർ ഒരിക്കലും പ്രതീക്ഷിച്ചിരുന്നില്ല.

എന്നിരുന്നാലും, സർവ്വകൃപാലുവായ ദൈവം അവർക്ക് കൃപ നല്കി അവരുടെ ഇടയിലുള്ള ശക്തമായ പ്രവൃത്തിയുടെ ഫലത്തെ ഒന്നു കാണുവാൻ ഒരുപോലെ തദ്ദേശീയ വാസികളിലും അതുപോലെ മിഷ്യനറിമാരിലും, അതുപോലെ ശരിയായിട്ടുള്ളതും കൃത്രിമമായിട്ടുള്ളതിന്റെ ഇടയിലുള്ള വ്യത്യാസത്തെ വിവേചിച്ച് അറിയുവാൻ.

" ..... അവരുടെ ഫലങ്ങളാൽ നിങ്ങൾക്കു അവരെ തിരിച്ചറിയാം" (മത്താ. 7:15-20). ഉണർവ്വിൽ ദൈവം ശുശ്രൂഷയെ ചാൾസ് ജി. ഫിന്നിയുടെ കരങ്ങളിൽ നല്കി, ജനങ്ങൾ ചില സമയങ്ങളിൽ അവരുടെ ഇരിപ്പിടത്തിൽ താഴെ വീണിരുന്നു. ഭയാനകമായ പാപത്തെക്കുറിച്ചുള്ള കുറ്റബോധത്താൽ. ഈ ഉണർവ്വിന്റെ കാലഘട്ടത്തിൽ ബെൽജിയൻ കോങ്കോയിൽ ഈ ദൃശ്യങ്ങൾക്ക് സാക്ഷ്യമായി തീർന്നു. പാപം എന്നത് വളരെ ഭയാനകമായ ഒരു വസ്തുതയാണ്, ഒരു അസുഖപ്രദമായ പൈശാചികത്വം ആണ് എപ്പോഴാണ് പരിശുദ്ധാത്മാവ് ഒരിക്കൽ അതിൻമേൽ ആയിരിക്കുമ്പോൾ.

ഒരു മിഷനറി ഇപ്രകാരം എഴുതി, ആർ. ബി. ജോൺസിന്റെ റെന്റ് ഹെവൻസ് ഞാൻ വായിച്ചുകൊണ്ടിരിക്കുകയായിരുന്നു, വെയിൽസിലെ ഉണർവ്വിനെ കുറിച്ച്, അതിൽ അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നത്, സുവിശേഷകൻ വളരെ പ്രയാസപ്പെട്ടുകൊണ്ടാണ് അവന്റെ ശബ്ദത്തെ ശ്രവിക്കുവാൻ സാധിച്ചത്. ഉയരത്തിൽ നിന്നുള്ള വിശുദ്ധന്മാരുടെ കർണ്ണകഠോരമായ ആരാധനയുടെ ശബ്ദത്തിൽ! ഇത് എത്രയോ സത്യം ആയിരിക്കുകയാണ്. ഈ മീറ്റിംഗുകളിൽ നടന്ന സംഭവ വികാസങ്ങളുടെ അടിസ്ഥാനത്തിൽ ഇതുപോലെയുള്ള പരിശുദ്ധാത്മാവിന്റെ ഒരു അത്ഭുത വികാരം ഞങ്ങളിൽ ഒരാൾപോലും ഇതിനു മുമ്പെ കണ്ടിരുന്നില്ല. വെയിൽസിലും, സ്വാൻസീയിലും, ഇങ്ങനെ അനേകം സ്ഥലങ്ങളിലുള്ള ബൈബിൾ കോളേജുകളിലും മറ്റും എനിക്ക് ഇതുപോലെയുള്ള വേറെ അനവധി പ്രാർത്ഥന മീറ്റിംഗുകൾ ഒക്കെയും ഉണ്ടായിരുന്നിട്ടും, എപ്പോഴാണോ പരിശുദ്ധാത്മാവു ഞങ്ങളുടെമേൽ വന്ന് പതിച്ചത് ശക്തിയോടെ, എന്നാൽ ഇതുപോലെ ഒന്ന് അല്ലായിരുന്നു മറ്റൊന്നു.

വേറൊരു മിഷനറി പറഞ്ഞത് എങ്ങനെയാണ് നമ്മുടെ കർത്താവ് അവിടുത്തെ കൃപയുടെ ആത്മാവിനെ അവരുടെമേൽ പകർന്നത് അതുപോലെ " യാചനകളുടെ ആത്മാവിനെ പകരും" (സെഖ. 12:10). വളരെ അത്ഭുതകരമായ മദ്ധ്യസ്ഥത പ്രാർത്ഥന സംഭവിച്ചു. ഞാൻ ചെറുപ്പക്കാരായ പയ്യന്മാരോടു അവരുടെ ഹൃദയത്തെ തുറക്കുന്നതിനായിട്ടു അപേക്ഷിച്ചു, ഒരിക്കലും മർക്കട മുഷ്ടിക്കാരാകരുത്. ഒട്ടിയ്ക്കുക, ഒടിയ്ക്കുക. എനിക്ക് കൂടുതൽ കിട്ടിയില്ല. ഞാൻ തകർന്നു പോയി എന്നിട്ട് വാവിട്ടു കരഞ്ഞു വീണ്ടും കരഞ്ഞു. ഇങ്ങനെയുള്ള കണ്ണുനീർ ഞാൻ ഒരിക്കലും അറിഞ്ഞിരുന്നില്ല. അങ്ങനെയുള്ള വേദനകളോടുള്ള കണ്ണുനീർ, എന്റെ ആത്മഭാരമുള്ള ഹൃദയത്തിൽ നിന്നു പൊട്ടിപുറപ്പെട്ടത്. ചെറിയ ആൺകുട്ടികൾ പൊട്ടിതെറിച്ചു, അവരൊക്കെയും നില്ക്കുകയായിരുന്നു, അല്ലെങ്കിൽ ഗ്രൗണ്ടിൽ കിടക്കുകയായിരുന്നു, വിലപിക്കുന്നു, വിലപിക്കുന്നു, ദൈവമുമ്പാകെ അവരുടെ ഹൃദയത്തെ പകരുകയായിരുന്നു വലിയ അനുതാപ ഹൃദയത്തോടെ.

" അയ്യോ, ജാതികൾ തിരുമുമ്പിൽ വിറെക്കത്തക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്കു വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളി കത്തുന്നതുപോലെയും തീകൊണ്ടു വെള്ളം തിളെക്കുന്നതുപോലെയും മലകൾ നിന്റെ മുമ്പിൽ ഉരുകിപ്പോകത്തക്കവണ്ണം നീ ആകാശം കീറി ഇറങ്ങി വന്നെങ്കിൽ കൊള്ളായിരുന്നു" (യെശ. 64:1,2). ലോകത്ത് സകല ഇടങ്ങളിലും, ദൈവമക്കൾ കർത്താവിനെ അന്വേഷിക്കുവാൻ തുടങ്ങട്ടെ. നമ്മുടെ ഇടയിലേക്കു അവിടുന്നു ഇറങ്ങിവരുന്നതുവരെയും അതുപോലെ അവിടുത്തെ സാന്നിധ്യത്തെ വെളിപ്പെടുത്തുകയും ചെയ്യട്ടെ. രാജ്യങ്ങളിലും അങ്ങനെ പാപത്തിന്റെ കുറ്റബോധം വളരെ ഭീമാകരമായ വിധത്തിൽ ജനത്തിന്റെ ഹൃദയങ്ങളെ സ്പർശിക്കട്ടെ, മാനസാന്തരപ്പെടട്ടെ. ❖

ക്രിസ്തുവിനോടുകൂടെയുള്ള കൂട്ടായ്മ

ദൈവത്തിനു യാതൊരു പ്രാധാന്യം ഇല്ലാത്തതായിട്ട് ഒന്നുമില്ല. താങ്കളുടെ ജീവിതത്തിലെ വളരെ ലളിതമായ കാര്യാദികളെയും താങ്കൾ അത് വളരെ ശ്രദ്ധയോടുകൂടി നിരീക്ഷിക്കേണ്ടിയിരിക്കുന്നു. താങ്കൾ ചിലതൊക്കെയും ശ്രദ്ധകൂടാതെ സംസാരിക്കുകയും അതോടൊപ്പം തന്നെ അതൊന്നും തന്നെ ശരിയല്ലായെന്നു തീർച്ചയുള്ളപ്പോൾ തന്നെയും, എന്നാൽ താങ്കൾ പറയുന്നു, ഓ അതൊന്നും അത്രയും കാര്യം ഉള്ളതല്ലായെന്നു! അതിനു ശേഷം താങ്കൾ ആയിരിക്കേണ്ടതുപോലെയുള്ള ഒരു ക്ഷമ ഇല്ലാത്തവനായിട്ടു മാറുകയും ചെയ്യുന്നു. താങ്കൾ ഇതിനെ അതിജീവിക്കുകയും ചെയ്യുന്നു. എന്നാൽ ഇപ്പോഴത്തെ സാഹചര്യത്തിൽ അവിടെ ഒരു വലിയ കാർ മേഘം താങ്കളുടെ ആത്മാവിന്റെ മീതെ വീണിരിക്കുകയാണ്. അതുപോലെ തന്നെ താങ്കൾ കണ്ടെത്തിയിരിക്കുകയാണ് . ഈ വിധത്തിലുള്ള ചെറിയ കാര്യാദികൾ താങ്കളുടെ പ്രാർത്ഥനയുടെ ശക്തിയെ തടസ്സപ്പെടുത്തിയിരിക്കുന്നുവെന്ന്.

ഉടൻ തന്നെ ഇങ്ങനെയുള്ള ചെറിയ കാര്യാദികളെ എല്ലാം ഒന്നു നല്ല ശ്രദ്ധയോടുകൂടി നിരീക്ഷിക്കേണ്ടിയിരിക്കുന്നു. താങ്കൾക്ക് ഒരു വാക്ക് പറയുവാൻ സാധ്യമല്ല. ക്രിസ്തുവിനെ ദു:ഖിപ്പിക്കുന്നതായിട്ടു, അല്ലെങ്കിൽ വളരെ ലളിതമായ ചെറിയ വസ്തുതകൾ ഒക്കെയും അവിടുത്തേയ്ക്കു ദു:ഖകരമാണെന്നു ഈ വിധത്തിലാണ്. താങ്കൾ താങ്കളുടെ പ്രാർത്ഥന ബലത്തെ നഷ്ടമാക്കുന്നത്, ചെറിയ വസ്തുതകളിൽ താങ്കൾ വിജയത്തോടെ നടക്കുകയും അതേസമയം അതിന് വേറെ ഒന്നും സംഭവിക്കുന്നില്ല. ക്ഷമാപണം പ്രാപിക്കുക. താങ്കളുടെ ജീവിതവും ആയി ബന്ധപ്പെട്ട സകല കാര്യാദികളിലും ദൈവവുമായിട്ടു പൂർണ്ണമായ സത്യസന്ധത പുലർത്തുകയും അപ്പോൾ താങ്കൾക്ക് കണ്ടെത്തുവാൻ സാധിക്കും. താങ്കളുടെ അവിടത്തോടുള്ള കൂട്ടായ്മ വർദ്ധിച്ചു വരുന്നതായിട്ടു, ദിനന്തോറും യേശുവിന്റെ ജീവിതം എന്താണ് അവിടുന്നു ഉദ്ദേശിച്ചിരിക്കുന്നത് വരെയും. ❖

ഇടുവിൽ നിൽക്കുക അമേരിക്കയ്ക്കായിട്ടു

By Sarah Foulkes Moore

അമേരിക്ക നില്ക്കുന്നത് കുരിശിന്റെ വഴിയിലാണ്. ഇത് രണ്ടു ആകാം. അതായത് ഉണർവ്വ് അല്ലെങ്കിൽ സഭയെ പിരിച്ചു വിടുന്നതിനോ ആയിരിക്കാം, വീടും അതുപോലെ ഗവൺമെന്റും.

ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുകയാണ് കഴിഞ്ഞ കാലങ്ങളിൽ അമേരിക്കക്ക് വളരെ സങ്കീർണ്ണമായ പ്രതിസന്ധികളുടെ കാലങ്ങളിൽ, ദൈവം വളരെ വ്യക്തമായിട്ടു ഇറങ്ങി പ്രവൃത്തിച്ചിരുന്നതായിട്ടു അവരുടെ മഹാവിപത്തിന്റെ സമയത്ത്. അവന്റെ ജനത്തിന്മേലുള്ള പരിപാലനത്തെ സംബന്ധിച്ച്. അപ്രകാരമുള്ള വളരെ നിർണ്ണായകമായ സമയങ്ങളിലും അവിടുന്നു കണ്ടെത്തി ചിലരെ അവരുടെ ഇടയിൽ നിന്നു ഒരു പുതിയ കരുണയെ അവന്റെ ജനത്തിന്റെമേൽ കൊണ്ടു വരുന്നതിനായിട്ടും. സകല ദേശീയ പ്രശ്നങ്ങളിലും പ്രതിസന്ധികളിലും കഴിഞ്ഞ നാളുകളിൽ ദൈവം കണ്ടെത്തിയിരുന്നു. ചിലരെ ഇടുവിൽ നില്ക്കുന്നതിനായിട്ടും ശത്രുവിനെതിരെയുള്ള വേലികെട്ടുകളെ സൃഷ്ടിക്കുന്നതിനായിട്ടും അവരുടെ മീതെ ദൈവം പ്രവർത്തിക്കുവാൻ തുടങ്ങി. വളരെ ആഴത്തിലുള്ള ഒരു ആവശ്യബോധത്തെ കുറിച്ച് അവിടുത്തെ ആ ശക്തമായ ഇടപെടലിനുള്ള ഒരു അവസരം ആയിട്ടു അതിനെ ദൈവം തിരിച്ചു തന്റെ ജനത്തിനായിട്ടും.

ലോകവും സഭയും ഒരു വലിയ പ്രതിസന്ധിയിലാണ്. ആത്മീക പോരാട്ടം അത് വളരെ ഉഗ്രമായി തീർന്നിരിക്കുകയാണ്. അന്ത്യകാലത്തെ ഭയങ്കരമായ യുദ്ധത്തിനായിട്ട്. അന്ധകാര ശക്തികൾ സൈന്യമായിട്ടു തീർന്നിരിക്കുകയാണ്. സഭയ്ക്കു ഒരു ശക്തിയുള്ള ആയുധം ഉണ്ട്. യുദ്ധം നടത്തുന്നതിനായി അവൻ തന്റെ മുഴങ്കാലിന്മേൽ ഇരിക്കുവാൻ തയ്യാറായാൽ തീർച്ചയായിട്ടും അവൻ തന്നേ വിജയശ്രീലാളിതനായി തീരും.

അമേരിക്കയിലെ സകല പള്ളികളിലും അതുപോലെ സമൂഹങ്ങളിലും വളരെ ആവശ്യമായിരിക്കുകയാണ് ദൈവീകമായ മദ്ധ്യസ്ഥത പ്രാർത്ഥന. വേറെ ഏതെങ്കിലും തരത്തിലുള്ള ആവശ്യകതയെക്കാൾ അധികം ആയിരിക്കുന്നത് പുരുഷന്മാരും സത്രീകളും വിശ്വാസത്തോടുകൂടി പ്രാർത്ഥനയ്ക്കായിട്ടു കടന്നു വരികയും ആരാണോ ഇടുവിൽ നില്ക്കുവാൻ സമ്മതിക്കുന്നത് അതുപോലെ നില്ക്കുന്നത് ഭീതിയുടെ ആത്മാവിന്റെതായ അധാർമ്മികതയുടേയും, അവിശ്വസ്തതയുടേയും, അഴിമതിയുടെയും നിയമരാഹിത്യത്തിന്റെയും ഏതാണോ രാജ്യത്ത് വളരെ വർദ്ധിച്ച് പെരുകിയിരിക്കുന്നത്.

അമേരിക്കയിലെ സകല പള്ളികളിലും അതുപോലെ സമൂഹങ്ങളിലും വളരെ ആവശ്യമായിരിക്കുകയാണ് ദൈവീകമായ മദ്ധ്യസ്ഥത പ്രാർത്ഥന. വേറെ ഏതെങ്കിലും തരത്തിലുള്ള ആവശ്യകതയെക്കാൾ അധികം ആയിരിക്കുന്നത് പ്രാർത്ഥനയാണ്. പുരുഷന്മാരും സ്ത്രീകളും വിശ്വാസത്തോടുകൂടി പ്രാർത്ഥനയ്ക്കായിട്ടു കടന്നുവന്നിരുന്നു. ഭീതിയുടെ ആത്മാവിന്റെതായ അധാർമ്മികതയുടെയും, അവിശ്വസ്തതയുടെയും, അഴിമതിയുടെയും നിയമരാഹിത്യവും രാജ്യത്ത് വളരെ വർദ്ധിച്ച് പെരുകിയിരുന്നു.

" ഞാൻ ദേശത്തെ നശിപ്പിക്കാതവണ്ണം അതിനു മതിൽ കെട്ടി എന്റെ മുമ്പാകെ ഇടുവിൽ നിൽക്കേണ്ടതിനു ഒരു പുരുഷനെ ഞാൻ അവരുടെ ഇടയിൽ അന്വേഷിച്ചു; ആരെയും കണ്ടില്ലതാനും " (യെഹെ.22:30).

ഇതായിരുന്നു യിസ്രായേലിലെ വളരെ ദയനീയമായ സാഹചര്യം. ദേശത്തിന്റെ വിടുതലിനായിട്ടു ഇടുവിൽ നില്ക്കുന്നതിനായിട്ടു ആരേയും കണ്ടില്ല, അതുകൊണ്ട് ആയിരുന്നു അത് നശിപ്പിക്കപ്പെട്ടത്. ഈ പ്രതിസന്ധിയുടെയും നിർണ്ണായകമായതുമായ ഈ സാഹചര്യത്തിൽ ഇടുവിൽ നില്ക്കുവാൻ സാധ്യമാണോ അധികം ഭീകരമാകുന്നതിനെക്കാൾ മുമ്പെ, അത് അവിടെ ഒരു പുരുഷനും ഒരു സ്ത്രീയും നിങ്ങളുടെ സമൂഹത്തിൽ അല്ലെങ്കിൽ നിങ്ങളുടെ പള്ളിയിൽ ആരാണ് ഇടുവിൽ നില്ക്കുന്നത്? അവിടെ ഒരു പുരുഷനും ഒരു സ്ത്രീയും കാണുന്നില്ല. ആപത്ത് കാണുന്നില്ല, അവന് തന്നേയോ അല്ലെങ്കിൽ അവൾക്ക് തന്നെയോ തുടർച്ചയായിട്ടു പ്രാർത്ഥനയിൽ കൂടി മല്ലയുദ്ധം നടത്തുവാൻ കഴിയുന്നുണ്ടോ വാഴ്ചകൾക്ക് എതിരായിട്ടു അധികാരങ്ങൾക്ക് എതിരായിട്ടു, അന്ധകാരത്തിന്റെ ലോകാധിപതിക്ക് എതിരായിട്ടും, സ്വർല്ലോകങ്ങളിലെ ദുഷ്ടാത്മ സേനയ്ക്ക് എതിരായിട്ടു? (എഫെ. 6:12).

എല്ലാ പള്ളികളുടെയും വളരെ ആവശ്യം ആയിരിക്കുന്നത്, സകല സമൂഹങ്ങളിലും സകല ഭവനങ്ങളിലും, ഒരു പ്രാർത്ഥന നേതൃത്വം അത് ദൈവജനത്തെ പ്രാർത്ഥനയ്ക്കായിട്ട് ഇളക്കി മറിക്കും. സാഹചര്യത്തെ കുറിച്ചു സംസാരിക്കുക, അമേരിക്കയുടെ മേലുള്ള ആത്മീക ഉണർവ്വിന് അത് മതിയാകുന്നതില്ല എന്ന് പറഞ്ഞു. ഉറക്കെ വിലപിക്കേണ്ടിയിരിക്കുന്നു. ഇന്ന് വളരെ ബുദ്ധിമുട്ടായിട്ട് മാറിയിരിക്കുകയാണ്. പുരുഷന്മാരേയും സ്ത്രീകളെയും പ്രാർത്ഥനയ്ക്കായിട്ട് ഒരുക്കി ലഭിക്കുവാൻ. ആ ദിനം എപ്പോൾ ആണോ ജനം പ്രാർത്ഥനയ്ക്കായിട്ടു ഒരുക്കപ്പെടുന്നത്. കുറച്ച് പുരുഷന്മാരും സ്ത്രീകളും യഥാർത്ഥത്തിൽ പ്രാർത്ഥിക്കുന്നുണ്ട്. അമേരിക്കയുടെ ഏറ്റവും പ്രധാന ആത്മീക ആവശ്യം അത് ഒരു പ്രാർത്ഥന നേതൃത്വം ആണ്. ആരാണോ പ്രാസംഗികന്മാരെ കൊണ്ടുവരികയും പ്രാർത്ഥനയ്ക്കായിട്ടു പള്ളിയെ ഒരുക്കി എടുക്കുകയും ചെയ്യുന്നത് എന്നുള്ളതാണ്.

ശരിയായ പ്രാർത്ഥന എന്നാൽ യുദ്ധം ആണ്

ശരിയായ പ്രാർത്ഥന എന്നാൽ ഗൗരവമായ ധ്യാനത്തിൽ സമയത്തെ ചെലവിടുന്നതാണ്. ഹൃദയവും ആത്മാവും അത് ജഡം ഇഷ്ടപ്പെടുന്നില്ല. പ്രാർത്ഥനയുടെ ഭാരത്തിൻ കീഴിൽ ആകുക അത് വളരെ ചുറുചുറുക്കുള്ള ഒരു കഠിനാദ്ധ്വാനമാണ്. നമ്മുടെ ഇന്നത്തെ ഈ ദിവസത്തിനായിട്ടു ലോകസ്നേഹം, എളുപ്പത്തിൽ ഇഷ്ടം സാധിപ്പിച്ച് സന്തോഷിപ്പിക്കുക അംഗത്വത്തിലും അതുപോലെ ശുശ്രൂഷകളിലും അധികമായ കഠിനാദ്ധ്വാനം ഇതിൽ അടങ്ങി ഇരിക്കുന്നു. സീയോന്റെ മക്കൾ ഇന്ന് ഇഷ്ടപ്പെടുന്നില്ല വിവാഹ വസ്ത്രം ധരിക്കപ്പെട്ടവർ വിലപിക്കുവാൻ, കരയുവാനും ഉപവസിക്കുവാനും അത് സീയോനെ ബലപ്പെടുത്തുന്നു മുന്നേറുവാൻ.

അയ്യോ കഷ്ടം, പ്രവാചകൻ ഉറക്കെ വിളിച്ചു പറയുകയാണ്, സീയോനിൽ സ്വൈരികളായി ശമര്യ പർവ്വതത്തിൽ നിർഭയരായി ജാതികളിൽ പ്രധാനമായതിൽ ശ്രേഷ്ഠന്മാരായി യിസ്രായേൽ ഗൃഹം വന്നു ചേരുന്നവരായുള്ളോരേ നിങ്ങൾക്ക് അയ്യോ കഷ്ടം സീയോനിൽ സ്വൈരികളായി (ആ മോസ് 6:1).

ദൈവം സീയോനെ സഹായിക്കുകയാണ്. ഈറ്റുനോവിൽ കൂടി ഈ നിർണ്ണായകമായ സാഹചര്യത്തിൽ യുഗത്തിന്റെ അവസാന മണിക്കൂറിൽ ! ദൈവം നമ്മെ സഹായിക്കുകയാണ്. പ്രാർത്ഥനയുടെ ആവശ്യകതയെ കുറിച്ചും അതുപോലെ ദൈവം നമ്മെ ബലപ്പെടുത്തുകയുമാണ് സാഹചര്യങ്ങളെ കാണുവാനും! സകല പ്രധാനപ്പെട്ട ആവശ്യം പുരുഷന്മാർക്കും സ്ത്രീകൾക്കും അവരുടെ ഹൃദയങ്ങൾ ദൈവം ആയിട്ടു ശരിയായിരിക്കണമെന്നു പ്രാർത്ഥന സൃഷ്ടിച്ചെടുക്കുവാൻ ഈ മണിക്കൂറിന്റെ പരമ പ്രധാനമായ ഉത്സാഹം ആയിട്ടു അവരൊക്കെയും ഒന്നു മാറുവാനും - പുരുഷന്മാരും സ്ത്രീകളും ആരുടെ ഒക്കെയും പരമ പ്രധാനമായ ജോലി

(ശേഷം 6-ാം പേജിൽ)

(5-ാം പേജിന്റെ തുടർച്ച)

ഇടുവിൽ നിൽക്കുക അമേരിക്കക്കായിട്ട്

ദൈവത്തിനോടു രാജ്യത്തിനായിട്ടു കരയുന്നതിനായിട്ടു മാറണം, " യഹോവേ, നിന്റെ ജനത്തോടു ക്ഷമിക്കേണമേ; ജാതികൾ അവരുടെ മേൽ വാഴുവാൻ തക്കവണ്ണം നിന്റെ അവകാശത്തെ നിന്ദെക്കു ഏൽപിക്കരുതേ " (യോവേൽ 2: 17).

പ്രാർത്ഥന സൈന്യത്തെ ക്ഷണിക്കുക

ധാരാളം പ്രസംഗികന്മാരേയും അതുപോലെ എഴുത്തുകാരേയും കാണാം. ആരാണോ വളരെ വാക്ചാതുര്യതയോടുകൂടി ഉണർവ്വിന്റെ ആവശ്യകതയെ ബോധ്യപ്പെടുത്തുന്നതു, എന്നാൽ അധികം ആരും തന്നെ ഈ മഹാവിപത്തിന്റെ കാലഘട്ടത്തിൽ അവരെ തന്നേ പ്രാർത്ഥനയുടെ ആവശ്യകതയിൽ ദൈവമുമ്പാകെ കരഞ്ഞു അപേക്ഷിക്കുവാൻ തയ്യാറാകുന്നില്ല. സഭതീർച്ചയായിട്ടും മുഴങ്കാലുകളിൽ ഇരിക്കുവാൻ തയ്യാറാകണം. ദൈവമക്കൾ സകല സ്ഥലങ്ങളിലും ഉള്ളവർ പ്രാർത്ഥനയ്ക്കായിട്ടു ഒരുങ്ങണം.

ദൈവജനത്തിന്റെ ഹൃദയങ്ങളിൽ നിന്നുള്ള വിലാപത്തിന്റെ ഉത്തരം ലഭിക്കുമ്പോഴാണ് ഉണർവ്വ് വരുന്നത്. വളരെ നിർബന്ധ ബുദ്ധിയായതും അത്യാവശ്യമായ അപേക്ഷയും, വളരെ തീക്ഷണമായ ഉത്ബോധനവും ഈ മണിക്കൂറിൽ പ്രതിധ്വനിക്കേണ്ടതുമാണ്. സകല ഇടങ്ങളിലുമുള്ള വിശുദ്ധന്മാരും പ്രാർത്ഥനയിൽ കൂടി.

എപ്രകാരമാണ് അവർ പ്രാർത്ഥിച്ചത്

ജോർജ്ജ് വൈറ്റ് ഫീൽഡ്, ഇംഗ്ലീഷുകാരനായ സുവിശേഷകൻ, പറഞ്ഞു, ഓ കർത്താവേ, എനിക്ക് ആത്മാക്കളെ നല്കുക, അല്ലെങ്കിൽ എന്റെ ആത്മാവിനെ എടുക്കുക.

ഹെൻട്രി മാർട്ടിയൻ, മിഷ്യനറി, ഇൻഡ്യയുടെ പവിഴ തീരത്ത് മുഴങ്കാലിൽ ഇരുന്നു കൊണ്ട് കരഞ്ഞു ഇവിടെ വച്ച് എന്നെ ദൈവത്തിനായിട്ടു ചാമ്പൽ ആക്കുക.

ഡേവിഡ് ബ്രെയിനാർഡ്, നോർത്ത് അമേരിക്കൻ ഇൻഡ്യക്കാരുടെ മിഷനറി (1718 - 1747) : കർത്താവേ, അങ്ങേയ്ക്കായിട്ടു ഞാൻ എന്നെ തന്നേ സമർപ്പിക്കുന്നു. ഓ, എന്നെ സ്വീകരിച്ചാലും, അതുപോലെ ഞാൻ എന്നും അങ്ങെയുടേതു മാത്രം ആയിഇരിക്കട്ടെ. കർത്താവേ, ഞാൻ വേറെ യാതൊന്നും ആഗ്രഹിക്കുന്നില്ല, ഞാൻ വേറെയാതൊന്നും അധികം ആഗ്രഹിക്കുന്നില്ല. അവന്റെ ഡയറിയിലെ അവസാന വാക്കുകൾ, അവൻ മരിക്കുന്നതിനു ഏഴു ദിവസം മുമ്പെ: ഓ വരിക, കർത്താവായ യേശുവേ, വേഗം വരിക. ആമേൻ.

ഡിവൈറ്റ് എൽ. മൂഡി: അപ്പോൾ എന്നെ ഉപയോഗിക്കുക, എന്റെ രക്ഷകനെ എന്നെല്ലാം ഉള്ള ലക്ഷ്യങ്ങൾക്കു ആയിട്ടു അതുപോലെ ഏതെല്ലാം വിധത്തിലും അങ്ങേയ്ക്കു ആവശ്യമായിരിക്കുന്നത്. ഇവിടെ ഇതാ എന്റെ എളിയ ഹൃദയം, ഒരു ശൂന്യം ആയ പാത്രം; അങ്ങേയുടെ കൃപയാൽ ഇതിനെ നിറയ്ക്കേണമേ.

മാർട്ടിൻ ലൂഥർ, ചില വാചകങ്ങൾ ചേർത്തിരിക്കുകയാണ്. പ്രാണവേദനയോടെ പ്രാർത്ഥനയിൽ രാത്രിയിൽ ആയിരുന്ന സമയം ദൈവമുമ്പാകെ പറയുന്നത്: പ്രവൃത്തിക്കുക അവിടുന്ന്, എന്റെ ദൈവമേ, പ്രവൃത്തിക്കുക, അവിടുന്ന് ദൈവമേ, എന്നോട് ചേർന്ന് നിൽക്കുക സകല ലോക ജ്ഞാനത്തിനു കാരണത്തിനും എതിരായിട്ട്, ഓ, പ്രവർത്തിക്കുക! അങ്ങ് തന്നെ തീർച്ചയായിട്ടും ഇതു പ്രവർത്തിക്കണം. എന്നോടു ചേർന്ന് നില്ക്കുക, അങ്ങ് സത്യവും നിത്യനായ ദൈവവും ആകുന്നു!

ജോൺ എംസ്ക്കെൻസി, ലോസ്സിയുടെ തീരത്ത് മുഴങ്കാലുകളിൽ ഇരുന്ന് കൊണ്ട് പ്രാർത്ഥിക്കുന്ന ഒരു ചെറുപ്പക്കാരനായ മിഷ്യനറി സാരഥി: ഓ, കർത്താവേ, ഭൂമിയുടെ അന്ധകാരനിബിഡമായ സ്ഥലത്തേയ്ക്കു എന്നെ അയക്കേണമേ!.

❖

വിശുദ്ധി

By Andrew Murray

മാതൃകയാക്കാതെ " നിങ്ങളെ വിളിച്ച വിശുദ്ധനു ഒത്തവണ്ണം അനുസരണമുള്ള മക്കളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ. (ഞാൻ വിശുദ്ധൻ ആകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ എന്നു എഴുതിയിരിക്കുന്നുവല്ലോ" (1പത്രോ. 1:15,16).

" നിങ്ങളോ അവനാൽ ക്രിസ്തുയേശുവിൽ ഇരിക്കുന്നു അവൻ നമുക്കു ദൈവത്തിങ്കൽ നിന്നു ജ്ഞാനവും നീതിയും ശുദ്ധീകരിണവും വീണ്ടെടുപ്പുമായിത്തീർന്നു " (1കൊരി. 1:30).

" ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷെക്കായിതിരഞ്ഞെടുത്തതുകൊണ്ട് നിങ്ങൾ നിമിത്തം ദൈവത്തെ എപ്പോഴും സ്തുതിപ്പാൻ കടപ്പെട്ടിരിക്കുന്നു " (2 തെസ്സ. 2:13).

" ദൈവം നമ്മെ വിളിച്ചതും തിരഞ്ഞെടുത്തുതും രക്ഷയ്ക്കായിട്ടു മാത്രം അല്ല, പ്രത്യുത വിശുദ്ധിക്കായിട്ടു ആകുന്നു. വിശുദ്ധയിൽ രക്ഷയൗവ്വനക്കാരായ ദൈവപൈതലിന്റെ ലക്ഷ്യം ക്രിസ്തുവിനെ സന്തോഷിപ്പിക്കുക മാത്രം അല്ല, പ്രത്യുത ക്രിസ്തുവിൽ ഉള്ള വിശുദ്ധീകരണവും ആണ്. സുരക്ഷിതവും രക്ഷയും ആകുന്നു, ദീർഘദൂരയാത്ര ഓട്ടത്തിനു, വിശുദ്ധിയിൽ മാത്രമേ അതു കണ്ടെത്തുവാൻ സാദ്ധ്യമാകുകയുള്ളൂ. ദൈവമക്കളിൽ ആരെങ്കിലും ചിന്തിക്കുന്നു എങ്കിൽ അത് അവന്റെ രക്ഷ അത് അടങ്ങിയിരിക്കുന്നത് കേവലം സുരക്ഷിതത്വത്തിൽ മാത്രമാണെന്നു വിശുദ്ധിയിൽ അല്ലെന്നു ചിന്തിക്കുന്നുവെങ്കിൽ അവൻ അവനെതന്നെ ചതിക്കുന്നു. യൗവ്വനക്കാരായ ദൈവമക്കളെ ദൈവവചനം നന്നായിട്ട് ശ്രദ്ധിക്കുക. നിങ്ങളും വിശുദ്ധരായിരിപ്പിൻ.

ഞാൻ എന്തുകൊണ്ട് വിശുദ്ധനായിരിക്കണം? എന്തുകൊണ്ടെന്നാൽ ആരാണോ നിങ്ങളെ വിളിച്ചിരിക്കുന്നത് അവിടുന്ന് വിശുദ്ധനായതുകൊണ്ടും വിളിച്ചു പറയുകയാണ് അവിടുത്തോടും അനുരൂപപ്പെട്ടും അതുപോലെ കൂട്ടായ്മ ആചരിക്കുന്നവരും ആയിരിക്കേണം. ദൈവത്തിന് എങ്ങനെയാണ് ഈ വക ഗുണങ്ങൾ (യോഗ്യതകൾ) ഇല്ലാതെ നമ്മെ രക്ഷിക്കുവാൻ സാധിക്കുന്നത്?

ദൈവത്തിന്റെ വിശുദ്ധീകരണം എന്നത് അവിടുത്തെ അത്യുന്നതമായ മഹത്വം ആണ്. അവിടുത്തെ മഹത്വത്തിൽ, അവിടുത്തെ നീതിയിൽ, അവിടുത്തെ സ്നേഹവും ഒരുമിച്ച് കൂടി കലർന്നിരിക്കുന്നു. അവിടുത്തെ വിശുദ്ധി അത് കത്തി ജ്വലിച്ചുകൊണ്ടിരിക്കുകയാണ്. അവിടുത്തെ ഉത്സാഹം ആയിട്ട് പാപത്തിന് എതിരായിട്ടു. ഇങ്ങനെയാണ് എപ്രകാരം അവിടുന്ന് പാപത്തിൽ നിന്ന് അവിടത്തെ തന്നെ ഒഴിച്ചു മാറ്റി നിർത്തിയിരിക്കുന്നത്, അതുപോലെ തന്നെ അവിടുത്തെ സ്നേഹം മറ്റുള്ളവരെയും ഇതിൽ നിന്നു ഒഴിവാക്കുവാൻ സ്വാതന്ത്ര്യത്തോടെ കാത്തുസൂക്ഷിക്കുന്നതും. ഇത് യിസ്രായേലിന്റെ പരിശുദ്ധനായവനു ആകുന്നു അവൻ ആകുന്നു വിമോചകൻ. അവിടുന്ന് തന്റെ ജനത്തിന്റെ ഹൃദയത്തിൽ ജീവിക്കുന്നു. വിമോചനം നമ്മെ അവങ്കലേയ്ക്കു കൊണ്ടുവന്നിരിക്കുകയാണ്. അതുപോലെ അവിടുത്തെ വിശുദ്ധിയിൽ ഉള്ള കൂട്ടായ്മയിലേക്കും. അവിടുന്ന് വിശുദ്ധൻ ആയിരിക്കുന്നതുപോലെ നാമും വിശുദ്ധൻ ആയിരിക്കുന്നില്ലെങ്കിൽ നമുക്ക് സാദ്ധ്യമല്ല. ദൈവത്തിന്റെ സ്നേഹവും രക്ഷയും അനുഭവിക്കുവാൻ ചെറുപ്പക്കാരായ ദൈവമക്കളെ, വിശുദ്ധരായിരിപ്പിൻ.

എനിക്കു ഉണ്ടായിരിക്കേണ്ടതായ ഈ വിശുദ്ധി എ

(ശേഷം 8-ാം പേജിൽ)

(2-ാം പേജിന്റെ തുടർച്ച)

ശ്രേഷ്ഠമായ കലവറ

തുപോലെയാണ്. നിങ്ങളുടെ ഹൃദയത്തെ ശരിയായ നിലവാരത്തിൽ കാത്തു സൂക്ഷിക്കുക.

സകല ജ്ഞാനത്തേയും കവിയുന്ന ദൈവീക സമാധാനത്തെ അന്വേഷിച്ച് അതിനെ കണ്ടെത്തുക, ക്രിസ്തുയേശുവിൽ കൂടി താങ്കളുടെ ഹൃദയവും മനസ്സും കാത്തു സൂക്ഷിക്കപ്പെടുമാറാകട്ടെ. രാത്രിയുടെ യാമങ്ങളിൽ മുഴങ്കാലുകളിൽ ദൈവമുമ്പാകെ ഇരിക്കുക, പാപത്തിന്റേതായ മുഴുവൻ പശ്ചാത്താപ ഹൃദയത്തോടുകൂടി, ക്രിസ്തുവിൽ കൂടി താങ്കളുടെ വിശ്വാസത്തെ പ്രകടിപ്പിക്കുക. പ്രഭാതത്തിൽ തന്നേ ഉണർന്ന് എഴുന്നേറ്റ് താങ്കളുടെ ഹൃദയത്തെ ദൈവത്തിങ്കലേയ്ക്കു സമർപ്പിക്കുക, പൂർണ്ണമായ സ്നേഹത്തിലും പരിശുദ്ധമായ വിശ്വാസത്തിലും അവിടെ മാധുര്യമായ ദൈവദൂതഗണങ്ങളുടെ സാന്നിധ്യത്താലും നിറയപ്പെടട്ടെ, അതിനുശേഷം താങ്കളുടെ കാര്യാദികളിലേക്കു പ്രവേശിക്കുക, അവിടെ ഒരു പക്ഷേ മുഴുവൻ സിംഹങ്ങളും കടുവകളും ആയിരിക്കാം പക്ഷേ എങ്കിൽ ഒരു കാര്യം അതൊന്നും താങ്കൾക്ക് ഭീതി ഉണ്ടാകാകുന്നതല്ലായിരിക്കും, ദൈവപുരുഷനായ ദാനിയേലിനെ സിംഹത്തിന്റെ ഗുഹയിൽ ഇട്ടപ്പോൾ ഭീതി കൂടാതെ അവൻ കിടന്നതുപോലെ ഹൃദയത്തെ സമാധാനത്തോടുകൂടി കാത്തു സൂക്ഷിക്കുക അപ്പോൾ താങ്കളുടെ ജീവിതം സന്തോഷ പൂർണ്ണം ആയിരിക്കും.

താങ്കളുടെ ഹൃദയത്തെ സമാധാനത്തോടുകൂടി കാത്തു സൂക്ഷിക്കുക, അതെ താങ്കളുടെ ജീവിതം അങ്ങനെ തന്നേ ആയിരിക്കട്ടെ! ജീവന്റെ ഉത്ഭവം അതിൽ നിന്നല്ലോ ആകുന്നതു. എപ്രകാരം ആയിരിക്കാം ഇത് നിവർത്തിക്കപ്പെടുന്നത്? നാം വീണ്ടും മറുപടി നല്കാം. നാം പരിശുദ്ധാത്മാവിനോട് ആവശ്യപ്പെടേണം ഹൃദയത്തെ സാന്ത്വനപ്പെടുത്തുവാൻ യാതൊരു ശബ്ദവും ഇല്ല. പ്രത്യുത അത് ഏതാണോ ഗലീല തടാകത്തിലെ തിരമാലയോടു സംസാരിച്ചത് ശാന്തമാകുക, ഒരിക്കലും കലുഷിതമായ ഹൃദയത്തെ വെള്ളത്തിന്റെ പ്രശ്നങ്ങൾ ഒരു വേദന ആകുകയില്ല. ഒരു ശക്തിയും ഇല്ല എന്നാൽ സർവ്വശക്തൻ തന്നേയാണ് കലുഷിതമായ മനുഷ്യ സ്വഭാവത്തെ ശാന്തമാക്കുന്നത്. സർവ്വശക്തനായവനോടു കരഞ്ഞു അപേക്ഷിക്കുക. അവിടുത്തെ സഭയിൽ അവിടുന്നു ശാന്തമായി ആ തോണിയിൽ കിടന്നു ഉറങ്ങുകയാണ്. അവിടുത്തോടെ ഉണരുവാൻ ആവശ്യപ്പെടുക, വെള്ളത്തിന്റേതായ പ്രക്ഷുബ്ധതയെ താങ്കളുടെ ഭക്തി വളർന്നതിനാൽ ശാന്തമാക്കപ്പെടട്ടെ. അവനോടു കരഞ്ഞ് അപേക്ഷിക്കുക. അത് അവിടുന്ന് താങ്കളുടെ ഹൃദയത്തെ സമാധാനത്തോടും സന്തോഷത്തോടും കാത്തു സൂക്ഷിക്കട്ടെ. അപ്പോൾ താങ്കളുടെ ജീവിതം സമാധാനപരവും ആയിരിക്കും; താങ്കൾ എവിടെ ആയിരുന്നാലും, പ്രശ്നത്തിലും അല്ലെങ്കിൽ സന്തോഷത്തിലും.

ഒരു വിഭജിക്കാത്ത ഹൃദയം

ഇപ്പോൾ ഒരു മനുഷ്യന്റെ ഹൃദയത്തിനു മാത്രം മതിയാവോളം ജീവിതം ഉണ്ട് അതിലേയ്ക്ക് ഒരു വിഷയത്തെ പൂർണ്ണമായിട്ട് പിൻതുടരുവാൻ. താങ്കൾ ഒരിക്കലും ക്രിസ്തുവിനെ സ്നേഹിക്കുവാൻ പകുതി സ്നേഹം നല്കിയാൽ മതിയാകുകയില്ല, എന്നിട്ട് ശേഷിച്ച പകുതി സ്നേഹം ലോകത്തിനും. ഒരു മനുഷ്യനും സാധ്യമല്ല ദൈവത്തെയും മാമോനെയും ഒരേ സമയം സേവിപ്പാൻ. എന്തുകൊണ്ടെന്നാൽ ഒരിക്കലും മതിയായ ജീവിതം ഇല്ല ഇതിനെ രണ്ടിനെയും സേവിപ്പാൻ. കഷ്ടം! ധാരാളം മനുഷ്യർ ഇത് ചെയ്തുകൊണ്ടിരിക്കുകയാണ്, അതുപോലെ തന്നെ രണ്ടു വഴികളിലും അവർ പരാജയപ്പെട്ടിരിക്കുകയാണ്. ഞാൻ ഒരിക്കലും കണ്ടിട്ടില്ല ഒരുത്തനും തെരുവിന്റെ രണ്ടു വശങ്ങളിലും കൂടി നടക്കുന്നത് എന്നാൽ ഒരു മദ്യപാനിയായ മനുഷ്യൻ അവൻ ഇത് പരിശ്രമിച്ചു, ഇത് വളരെ വികൃതമായ ഒരു പ്രവൃത്തി ആയിരുന്നു. എന്നാൽ ഞാൻ കണ്ടിട്ടുണ്ട് ധാരാളം പ്രീയപ്പെട്ടവർ തെരുവിന്റെ ഇരുവശങ്ങളിലും കൂടി നടക്കുവാൻ തീരുമാനിച്ചു. ഒരു ധാർമ്മികമായ കാഴ്ചപാടിൻ പ്രകാരം, ഞാൻ ചിന്തിച്ചു അവിടെ ഏതോ തരത്തിലുള്ള ലഹരി പിടിച്ചവരായിരിക്കും എന്ന്, അല്ലെങ്കിൽ ഏതോ വലിയ മണ്ടത്തരം സംഭവിച്ചതായിരിക്കാം.

ഇപ്പോൾ, ഞാൻ ചിന്തിച്ചിരിന്നുവെങ്കിൽ ഈ ലോകവും അതുപോലെ ഇതിന്റെ സന്തോഷങ്ങളും അതുകൊണ്ട് എന്റെ അന്വേഷണത്തിനു മൂല്യമാണോ, ഞാൻ കേവലം ഒന്നു അതിനെ തിരയട്ടെ; അതുപോലെ അതിന്റെ പുറകെ ഒന്നു നടക്കട്ടെ, അതുപോലെ തന്നെ മതഭക്തികാരൻ ആണെന്നു ഞാൻ അഭിനയിച്ച് നടക്കരുത്; എന്നാൽ ക്രിസ്തു ആകുന്നു ദൈവം, നമുക്ക് നമ്മുടെ പൂർണ്ണ ഹൃദയങ്ങളെയും അവങ്കൽ നല്കാം,. അതുപോലെ ഈ ലോകത്തോടു പങ്ക് വയ്ക്കരുത്. താങ്കളുടെ യജമാനൻ പൂർണ്ണമായിട്ടു നിങ്ങൾക്കായിട്ടു നല്കി; താങ്കളെതന്നെ ഒന്നു ആവശ്യപ്പെടാതെ പൂർണ്ണമായിട്ടു അവങ്കൽ സമർപ്പിക്കുക. ഒരിക്കലും പിൻ വാങ്ങുവാൻ ശ്രമിക്കാതെ; താങ്കളുടെ ഹൃദയത്തിന്റെ സകല ചലനങ്ങളുടെയും ഒരു പൂർണ്ണമായ സമർപ്പണത്തെ നല്കുക; പ്രയത്നിക്കുക എന്നാൽ ഒരേ ഒരു വിഷയത്തിനായിട്ടു അതുപോലെ ലക്ഷ്യവും ഒന്നായിരിക്കട്ടെ.

ഈ ലക്ഷ്യം ദൈവജനം നല്കുന്നതിനായിട്ടു താങ്കളുടെ ഹൃദയത്തെ കാത്തു സൂക്ഷിക്കുക. പരിശുദ്ധാത്മാവിന്റെ അധികമായ സാന്നിധ്യം വരുന്നതിനായിട്ട് കരഞ്ഞ് അപേക്ഷിക്കുക, അത് എപ്പോഴാണോ താങ്കളുടെ ആത്മാവു അവനാൽ സംരക്ഷിക്കപ്പെടുകയും സൂക്ഷിക്കപ്പെടുകയും ചെയ്യുമ്പോൾ, ഇത് ഒരു വഴിയായിട്ടു നിർദ്ദേശിക്കപ്പെടും, അതെ ഒന്നു മാത്രം, അത് താങ്കളുടെ ജീവിതം വളരെ ആഴത്തിലും വിശുദ്ധിയിലും ഓടുവാൻ ശക്തീകരിക്കും, അതുപോലെ വ്യക്തവും സമാധാനത്തോടെയും; ദൈവ ഇഷ്ടത്താൽ അതിന്റെ തീരങ്ങൾ ആയി തീരുന്നു, ഇതിന്റെ ഒരേ ഒരു വഴി (മാർഗ്ഗം) എന്നത് അത് ക്രിസ്തുവിന്റെ സ്നേഹവും അതുപോലെ അവനെ സന്തോഷിപ്പിക്കുവാനുള്ള അതിയായ ആഗ്രഹവും ആണ്.

നിറഞ്ഞു കവിയുന്ന ജീവിതവും സ്നേഹവും

കൊള്ളാം, ദൈവമക്കളെ, ഇത് താങ്കളെ അഭ്യസിപ്പിക്കുന്ന താങ്കളുടെ ഹൃദയത്തെ മുഴുവനായ വിലയേറിയ വസ്തുക്കളാൽ കാത്തു സൂക്ഷിക്കുവാൻ. ഒരിക്കലും ഇല്ല, ഒരിക്കലും ദൈവവചനത്തെ നിഷേധിക്കരുത്. അത് താങ്കളുടെ ഹൃദയത്തെ വിലയേറിയ കാഴ്ചപാടുകളാലും, വിലയേറിയ ജ്ഞാനത്താലും - അപ്പോൾ നിങ്ങളുടെ സംഭാഷണങ്ങൾ, താങ്കളുടെ വായിൽ നിന്നു പുറത്തു വരുമ്പോൾ, താങ്കളുടെ ഹൃദയം പോലെ ആയിരിക്കും, വിലയേറിയതും, വഴുവഴുപ്പുള്ളതും, അതുപോ ലെ രുചിയുള്ളതും ആയിരിക്കും. താങ്കളുടെ ഹൃദയത്തെ പൂർണ്ണമായി വിലയേറിയതാക്കി മാറ്റുക, ഔദാര്യമായ സ്നേഹത്താലും, അപ്പോൾ അരുവി അത് ഒഴുകുവാൻ തുടങ്ങും. താങ്കളുടെ കരങ്ങളിൽ നിന്നു അതുപോലെ അത് ധാന്യം ആയിരിക്കുകയും താങ്കളുടെ ഹൃദയം പോലെ ഔദാര്യമുള്ളതും ആയിരിക്കും.

സകലത്തിനും മീതെ, താങ്കളുടെ ഹൃദയത്തിൽ യേശു ജീവിക്കുവാൻ അനുവാദം നല്കുക, അപ്പോൾ താങ്കളുടെ ആന്തരികമായ സകലത്തിലും ആയിരിക്കും ജീവജലനദിയുടെ പ്രവാഹം, വളരെ ധന്യം ആയിട്ടു, അത് ദൈവപുരുഷനായ യാക്കോ

(ശേഷം 8-ാം പേജിൽ)

(7-ാം പേജിന്റെ തുടർച്ച)

ശ്രേഷ്ഠമായ കലവറ

ബ് കുടിച്ചതിനെക്കാൾ കിണറ്റിലെ വെള്ളത്തെക്കാൾ അധികം സംതൃപ്തി നല്കുന്ന വെള്ളവും ആയിരിക്കും. ഓ! പോകുക, ദൈവമക്കളേ, വലിയ വിലയേറിയ വസ്തുക്കൾ നിറയപ്പെട്ടിരിക്കുന്ന ആ ഖനിയിലേക്കു അതുപോലെ പരിശുദ്ധാത്മാവിനോടു വിളിച്ചപേക്ഷിക്കുക രക്ഷയ്ക്കു കാരണമായ ധനത്താൽ താങ്കളുടെ ഹൃദയത്തെ രൂപാന്തരപ്പെടുത്തുവാൻ. അതുകൊണ്ട് താങ്കളുടെ ജീവിതവും സംഭാഷണവും താങ്കളുടെ പ്രീയമായവർക്ക് അത് ഒരു വലിയ അനുഗ്രഹവും ആയിരിക്കും.; അതുപോലെ അവർ എപ്പോഴാണോ താങ്കളെ കാണുന്നത്, താങ്കളുടെ മുഖം ദൈവദൂതന്റെ തിനും സമം ആകും. ❖

(6-ാം പേജിന്റെ തുടർച്ച)

വിശുദ്ധി

ന്താണ്? ക്രിസ്തുവിലാണ് നിങ്ങളുടെ ശുദ്ധീകരണം. നിങ്ങളിലുള്ള ക്രിസ്തുവിന്റെ ജീവിതമാണ് നിങ്ങളുടെ വിശുദ്ധീകരണം. ക്രിസ്തുവിൽ നിങ്ങൾ ശുദ്ധീകരണം പ്രാപിച്ചിരിക്കുന്നു; നിങ്ങൾ വിശുദ്ധർ ആകുന്നു. ക്രിസ്തുവിൽ നിങ്ങൾ തുടർമാനമായിട്ട് (നിരന്തരം) ശുദ്ധീകരിക്കപ്പെടേണം. നിങ്ങളുടെ മുഴുവൻ ജീവിതത്തിലും ക്രിസ്തുവിന്റെ മഹത്വം തുളച്ച് കയറികൊണ്ടിരിക്കണം.

വിശുദ്ധീകരണം എന്നത് പരിശുദ്ധിയെക്കാൾ അധികം ആണ്. തിരുവചനത്തിൽ നാം കാണുന്നു അത് വിശുദ്ധിയിലേക്കു നയിക്കുകയാണ്. വ്യത്തിയാക്കൽ എന്നത് ഏതൊക്കെയാണോ ശരിയല്ലാത്തതും അതിനെ എടുത്തു മാറ്റുകയാണ് സംഭവിക്കുന്നത്. പാപത്തിൽ നിന്നുള്ള വിമോചനം. വിശുദ്ധീകരണം അത് നിറച്ചുകൊണ്ടിരിക്കുന്നു. അത് ഏതാണോ നല്ലതും ദൈവീകവും ആയതിനാൽ, യേശുവിനെ പ്രതിഷ്ഠിക്കുക. വിശുദ്ധീകരണം അവിടുത്തോടു അനുരൂപമാകുകയാണ്. ഇത് ലോകത്തിന്റെ ആത്മാവിൽ നിന്നു വേർതിരിഞ്ഞ് വിശുദ്ധനായ ദൈവത്തിന്റെ സാന്നിധ്യത്താൽ നിറയപ്പെട്ടിരിക്കുന്നതുമാണ്. സമാഗമന കൂടാരം വിശുദ്ധം ആയിരുന്നു എന്തുകൊണ്ടെന്നാൽ ദൈവം അവിടെ വസിച്ചിരുന്നു. നാം വിശുദ്ധരാകുന്നു, ദൈവത്തിന്റെ മന്ദിരം പോലെ, അതിനു ശേഷം നമുക്ക് ദൈവം ഉണ്ട് നമ്മുടെ ഉള്ളിൽ വസിക്കുവാൻ നമ്മിലുള്ള ക്രിസ്തുവിന്റെ ജീവിതം ആണ് നമ്മുടെ വിശുദ്ധീകരണം.

എപ്രകാരം ആണ് നമുക്ക് വിശുദ്ധം ആയിതീരുവാൻ സാധിക്കുന്നത? ആത്മാവിന്റെ ശുദ്ധീകരണത്താൽ തന്നെ. ദൈവത്തിന്റെ ആത്മാവിനെ പേര് വിളിക്കപ്പെട്ടിരിക്കുന്നത് പരിശുദ്ധാത്മാവ് എന്നാണ്, എന്തുകൊണ്ടെന്നാൽ അവൻ നമ്മെ വിശുദ്ധരാക്കുന്നു. അവൻ ക്രിസ്തുവിനെ നമ്മിൽ വെളിപ്പെടുത്തുകയും മഹത്വപ്പെടുത്തുകയും ചെയ്യുന്നു. അവനിൽ കൂടി, ക്രിസ്തു നമ്മിൽ വസിക്കുന്നു, അവിടുത്തെ വിശുദ്ധബലം നമ്മിൽ പ്രവർത്തിക്കുന്നു. പരിശുദ്ധാത്മാവിൽ കൂടി, ജഡത്തിന്റെ പ്രവർത്തികൾ മരിക്കപ്പെട്ടിരിക്കുന്നു, അതിപോലെ ദൈവം നമ്മിൽ രണ്ടിലും പ്രവർത്തിക്കുന്നു. അവിടുത്തെ ഹിതത്തിലും അതിന്റെ പൂർത്തീകരണത്തിലും.

പരിശുദ്ധാത്മാവിൽ കൂടി ക്രിസ്തുവിന്റെ വിശുദ്ധി കാരണം നാം പ്രാപിക്കുവാൻ എന്താണ് പ്രവർത്തിക്കേണ്ടത്? ദൈവം നിങ്ങളെ ആദിമുതൽ ആത്മാവിന്റെ വിശുദ്ധീകരണത്തിലും സത്യത്തിന്റെ വിശ്വാസത്തിലും രക്ഷയ്ക്കായി തിരഞ്ഞെടുത്തതുകൊണ്ട്. ക്രിസ്തുവിന്റെ വിശുദ്ധീകരണം ആയിതീരുന്നത് നമ്മുടെ വിശ്വാസത്തിൽ കൂടിയാണ്. സ്വാഭാവികമായിട്ടു, ആദ്യമായിട്ടു അവിടെ തീർച്ചയായിട്ടു ഉണ്ടായിരിക്കേണ്ടതു വിശുദ്ധം ആയിരിക്കുവാനുള്ള ഒരു ആഗ്രഹം ആണ്. ജഡത്തിന്റെ എല്ലാ മലീനതകളിൽ നിന്നു നാം തീർച്ചയായിട്ടും നമ്മെത്തന്നേ ശുദ്ധീകരണം പ്രാപിച്ചിരിക്കേണം. അതുപോലെ തന്നേ ആത്മാവിനാൽ അതെല്ലാം ഏറ്റു പറഞ്ഞ് പശ്ചാത്തപിക്കുകയും ഒരു വേർപാട് അനുഷ്ഠിക്കുവാൻ താല്പര്യപ്പെടുകയും, സകലതും ദൈവത്തിങ്കലേക്കു സമർപ്പിക്കുകയും രക്തത്താൽ അതെല്ലാം കഴുകി ശുദ്ധീകരണം പ്രാപിക്കുകയും വേണം. അപ്പോൾ, വിശുദ്ധീകരണം അതിന്റെ പൂർണ്ണ രൂപത്തിൽ വെളിപ്പെടും. അ പ്പോൾ, സത്യത്തിൽ വിശ്വസിക്കുകയും അത് ക്രിസ്തു തന്നേ നമ്മുടെ ശുദ്ധീകരണം ആകുന്നു, നാം അവങ്കൽ നിന്നു അത് സ്വീകരിക്കുകയും അതുപോലെ പ്രാപിക്കുയും വേണം എന്നാണോ നമുക്കായിട്ടു അവിടുത്തെ പൂർണ്ണതയിൽ കരുതിയിരിക്കുന്നത്. നാം വളരെ ആഴത്തിൽ അതിനെ കുറിച്ചു ബോധ്യം ഉള്ളവരും ആയിരിക്കേണം. അത് ക്രിസ്തു ആകുന്നു മുഴുവനായിട്ടും നമ്മുടെ ശുദ്ധീകരണത്തിനും നമ്മുടെ നീതീകരണത്തിനും ആകുന്നതുപോലെ നാം തീർച്ചയായിട്ടും വിശ്വസിക്കേണം അത് അവൻ വാസ്തവത്തിൽ ശുദ്ധിയോടെ നമ്മിൽ പ്രവർത്തിക്കുന്നുവെന്നു എന്താണോ ദൈവത്തെ പ്രസാദിപ്പിക്കേണ്ടതെന്ന് ഈ വിശ്വാസത്തിൽ, നാം തീർച്ചയായിട്ടു അറിഞ്ഞിരിക്കേണം. അത് നമുക്ക് മതിയായ ബലം വിശുദ്ധിയിൽ ഉണ്ടെന്നു അതുപോലെ നമ്മുടെ പ്രവർ ത്തി എന്നത് ഇത് പ്രാപിച്ചെടുക്കുകയുമാണ്. അവങ്കൽ നിന്നു വിശ്വാസത്താൽ ഓരോ ദിവസവും അവൻ അവിടുത്തെ ആത്മാവിനെ നല്കുന്നു, നമ്മിൽ യേശുവിന്റെ പവിത്രമായ ജീവിതവുമായിട്ടു ഒരു നല്ല ആശയ വിനിമയം സൃഷ്ടിച്ചെടുക്കുന്നതായിട്ടു.

യൗവ്വനക്കാരായ ദൈവമക്കളെ, ത്രിത്വം മൂന്നു പ്രാവശ്യവും വിശുദ്ധം ആണ്. ഇത് ത്രിത്വം ആയ ദൈവം ആണ്. ആരാണോ നിങ്ങളെ ശുദ്ധീകരിക്കുന്നത്. പിതാവു ശുദ്ധീകരിക്കുന്നു. യേശുവിനെ നിങ്ങൾക്കു നല്കിയതാൽ അതുപോലെ യേശുവിനോടു നിങ്ങൾ അനുരൂപപ്പെട്ടതിനാലും പുത്രൻ ശുദ്ധീകരിക്കുന്നു നിങ്ങളുടെ ശുദ്ധീകരണം ആയിതീർന്നതിനാൽ അതുപോലെ നിങ്ങൾക്ക് ആത്മാവിനെ തന്നതിനാലും ആത്മാവു നിങ്ങളെ ശുദ്ധീകരിക്കുന്നു. പുത്രനെ നിങ്ങളിൽ വെളിപ്പെടുത്തുന്നതിനാലും, ദൈവത്തിന്റെ വാസമുള്ള ഒരു മന്ദിരമായിട്ടു നിങ്ങളെ ഒരുക്കിയെടുക്കുന്നതിനാലും അതുപോലെ നിങ്ങളിൽ പുത്രൻ ജീവിക്കുന്നത് സൃഷ്ടിച്ചെടുക്കുന്നതിനാലും വിശുദ്ധരായിരിപ്പിൻ, എന്തുകൊണ്ടെന്നാൽ ദൈവം വിശുദ്ധൻ ആകുന്നു.

ദൈവമായ കർത്താവേ, യിസ്രായേലിന്റെ പരിശുദ്ധനായവനെ, എന്റെ ശുദ്ധീകരണത്തിനും അതുപോലെ അവങ്കൽ ഞാൻ ബുദ്ധിയുള്ളവനും ആയി തീരേണ്ടതിനുമായിട്ടുള്ള അങ്ങയുടെ സമ്മാനം ആയ അവിടുത്തെ പുത്രനായിട്ട് എന്ത് നന്ദിയാണ് പ്രത്യുപകാരമായിട്ട് നല്കേണ്ടത്. വിശുദ്ധനായ യേശുവിനെ എന്നിലേക്ക് അടർത്തി നട്ടതിനായിട്ടും എന്നിൽ വസിക്കേണ്ടതിനായിട്ടും ആത്മാവിന്റെ ശുദ്ധീകരണത്തെ നല്കിയതിനാലും എന്ത് നന്ദിയാണ് അർപ്പിക്കേണ്ടത്. കർത്താവേ, ശരിയാംവണ്ണം ഇത് ഗ്രഹിക്കുവാൻ എന്നെ സഹായിക്കേണമേ, അതുപോലെ ആ അനുഭവത്തിൽ ആയി തീരുവാനുള്ള ആഗ്രഹവും ആമേൻ. ❖

ഈ ലക്കത്തെക്കുറിച്ച്

ഒരു പ്രധാനപ്പെട്ട വീക്ഷണം ഞങ്ങൾ ഈ ലക്കത്തിനു നല്കിയിരിക്കുന്നത് ഉണർവ്വ്, സജീവമായ പങ്കാളിത്തത്തോടെ തകർന്നിരിക്കുന്ന മനസ്സിനോടും വിനയത്തോടും അതുപോലെ കർത്താവിനെ നാം അന്വേഷിക്കുന്നതായിട്ടു സമർപ്പിച്ചുകൊടുക്കുക. അവിടുത്തെ ജനം ആയിട്ടു നാം മാറട്ടെ, നമ്മെത്തന്നെ ഏൽപ്പിച്ചുകൊടുക്കുക, നമ്മുടെ തരിശു നിലങ്ങളെ ഉഴുതുമറിക്കുക, പൂർണ്ണമായിട്ടു കർത്താവിങ്കലേയ്ക്കു തിരിയുക, അവിടുന്നു വരുവോളം അവനെ നാം അന്വേഷിക്കുക, അവിടുന്നു വരുന്നു. നമ്മുടെമേൽ നീതി വർഷിപ്പിക്കുന്നതിനായിട്ടു. ❖

അവിടുന്നു വരുവോളം അവിടുത്തെ അന്വേഷിച്ചുകൊണ്ടിരിക്കുക

ജനുവരി/ഫെബ്രുവരി 2023-ലെ ആഗമനദൂതന്റെ പംക്തികളിൽ വാസ്തവത്തിൽ ഞങ്ങൾ അനുഗ്രഹിക്കപ്പെട്ടവരായിരുന്നു. നല്ല സന്ദേശങ്ങൽ പ്രീയ വായനക്കാരുമായിട്ട് പങ്കിടുവാൻ കർത്താവിനെ അന്വേഷിക്കുവാനുള്ള സമയം ഇതാകുന്നു. ഹോശയാ പ്രവാചകന്റെ പ്രവചന പുസ്തകം 10:12-നെ അടിസ്ഥാനപ്പെടുത്തി വാൻസ് ഹാൻവർ പ്രസ്താവിച്ചത് - നീതിയിൽ വിതെപ്പിൻ; ദയക്കൊത്തവണ്ണം കൊയ്യുവിൻ; നിങ്ങളുടെ തരിശുനിലം ഉഴുവിൻ; യഹോവ വന്നു നിങ്ങളുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിനു അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ ”. ഞങ്ങൾ കർത്താവിനെ സ്തുതിക്കുന്നു കാരണം എപ്രകാരമാണ് ഈ ലേഖനവും അതിനോടു ചേർന്ന ലേഖനങ്ങളും പ്രീയ വായനക്കാർ വായിക്കുകയും അവരെല്ലാവരും ഒരു ഉണർവ്വിനായിട്ട് കർത്താവിനെ അന്വേഷിക്കുവാനും തുടങ്ങിയതിനാൽ! താങ്കൾ ആ ഭാഗങ്ങൾ മറ്റുള്ള പ്രീയപ്പെട്ടവരും ആയിട്ട് ഒന്നു പങ്കുവയ്ക്കുവാൻ തയ്യാറായാൽ, നമുക്ക് ഇപ്പോഴും ആ കോപ്പികൾ ഞങ്ങളുടെ കൈവശം ഉണ്ട് അതു പൂർണ്ണമായിട്ട് അയച്ചു കൊടുക്കുവാൻ ഞങ്ങൾ തയ്യാറാണ് നിങ്ങൾക്കായിട്ട് അയച്ചു തരുവാൻ.

മേൽ ഉദ്ധരിച്ച ഹോശെയ്യ 10:12 -ലെ വചനത്തിന്റെ വെളിച്ചത്തിൽ അത് എത്രയോ പ്രാധാന്യം വഹിക്കുന്നു. ഇന്നത്തെ നമ്മുടെ ഈ ദിനങ്ങളിൽ, ഞാൻ താങ്കളെ ഹാർദ്ദവം ആയിട്ട് ക്ഷണിക്കുകയാണ്. അതിനെ ഒന്നുകൂടി പരിഗണിക്കുവാൻ ഹോശയാ പ്രവാചകനോട് എന്തിന്റെ അടിസ്ഥാനത്തിലാണ് ദൈവമായ കർത്താവ് ഇത് അരുളിചെയ്തിരിക്കുന്നതെന്ന്. ആത്മീകവും, ധാർമ്മികവും, രാഷ്ട്രീയപരവുമായ ഒരു വലിയ തകർച്ചയുടെ നാളുകളിൽ ഹോശയാ പ്രവാചകനെ യിസ്രായേലിന്റെ പ്രവാചകനായിട്ട് ദൈവം ഉപയോഗിച്ചിരുന്നു. ആ സാഹചര്യത്തിന്റെ ഉദാത്ത മാതൃകയിൽ, കർത്താവ് ഹോശെയാ പ്രവാചകന്റെ അടുക്കലേയ്ക്ക് അങ്ങേയറ്റം ഇറങ്ങി ചെന്ന് പ്രസ്താവിക്കുകയാണ്. “ നീ ചെന്നു പരസംഗം ചെയ്യുന്ന ഒരു ഭാര്യയേയും പരസംഗത്തിൽ ജനിച്ച മക്കളേയും എടുക്ക; ദേശം യഹോവയെ വിട്ടുമാറി കഠിന പരസംഗം ചെയ്തിരിക്കുന്നുവല്ലോ എന്നു കല്പിച്ചു ” (ഹോശേയാ 1:2) അവിടുത്തെ ജനങ്ങളെ കുറിച്ചു കർത്താവു കുറ്റപ്പെടുത്തിയ കാര്യത്തെക്കാൾ വേറെ ഏതെങ്കിലും ഗൗരവമായിട്ടുള്ളതായിട്ട് നിങ്ങൾ ചിന്തിക്കുന്നുണ്ടോ കഠിന പരസംഗം അല്ലെങ്കിൽ കഠിന പരസംഗം.

അങ്ങനെ താങ്കൾ ഹോശയാ പ്രവചന പുസ്തകം വായിക്കുമ്പോൾ, ഇത്രയും ഗൗരവമേറിയ ഒരു കുറ്റപ്പെടുത്തലിന്റെ കാരണം അവിടെ വളരെ വ്യക്തമാണ്. ദൈവം അവിടുത്തെ ജനത്തെ സ്നേഹിച്ചിരുന്നുവെങ്കിലും അവരെ സംരക്ഷിക്കുകയും സകലതും ദാനം ചെയ്തിരുന്നപ്പോഴും, അവരോ യഹോവയെ ഉപേക്ഷിച്ചു അന്യദേവന്മാരുടെ പുറകേ ഓടിപ്പോയി. “ അവർ ബാൽവിഗ്രഹങ്ങൾക്കു ധൂപം കാണിച്ചു. കുണുക്കും, ആഭരണങ്ങളും കൊണ്ടു തന്നെ അലങ്കരിച്ചു തന്റെ ജാരന്മാരെ പിൻതുടർന്നു എന്നെ മറന്നുകളഞ്ഞ നാളുകളെ ഞാൻ അവളോടു സന്ദർശിക്കും എന്നു യഹോവയുടെ അരുളപ്പാടു ” (ഹോശയാ. 2:13). ആ ജനങ്ങൾ സകലതും പാപം ചെയ്തു യഹോവയെ ദു:ഖിപ്പിച്ചു. ദേശത്തു സത്യവും ഇല്ല, ദയയും ഇല്ല, ദൈവപരിജ്ഞാനവുമില്ല. അവർ ആണയിടുന്നു; ഭോഷ്ക്കു പറയുന്നു; “ കുല ചെയ്യുന്നു; മോഷ്ടിക്കുന്നു; വ്യഭിചരിക്കുന്നു; രക്തപാതകം കൂടുന്നു ” (4:1,2). “ അവർ പെരുകുന്തോറും എന്നോടു ഏറെ പാപം ചെയ്തു ” (4:7) “ നിങ്ങൾ ദുഷ്ടത ഉഴുതു, നീതികേടു കൊയ്തു, ഭോഷ്ക്കിന്റെ ഫലം തിന്നിരിക്കുന്നു; നീ നിന്റെ വഴിയിലും നിന്റെ വീരന്മാരുടെ സംഘത്തിലും ആശ്രയിച്ചിരിക്കുന്നു ” (10:13). “ അവർ സകലരും അഹങ്കാരത്താൽ നിറഞ്ഞ് യഹോവയിൽ നിന്നു അകന്നു മാറി അവർക്കു മേച്ചൽ ഉള്ളതുപോലെ അവർ മേഞ്ഞു തൃപ്തരായപ്പോൾ അവരുടെ ഹൃദയം ഉയർന്നു, അതുകൊണ്ടു അവർ എന്നെ മറന്നു കളഞ്ഞു (13:6).

യാതൊരു അത്ഭുതവും ഇല്ല കർത്താവു ആത്മീയ വ്യഭിചാരത്തെ ഭാവനപരമായിട്ടു ഇവിടെ അവിടുത്തെ ജനത്തിന്റെ സ്ഥിതിയെ കുറിച്ച് രേഖപ്പെടുത്തിയതിനാൽ! അവിടുന്ന് ഇങ്ങനെയുള്ള ഭാവനാപരമായ ദൃശ്യം കൊണ്ടുവന്നതിനാൽ മുന്നോട്ടു പോകുന്തോറും പേരു പറഞ്ഞ് പ്രവാചകനായ ഹോശേയോടു മുന്നിൽ നിർദ്ദേശിക്കുകയാണ്. ഈ വിവാഹത്തിന് നല്കുന്നതിനായിട്ടു. ആദ്യത്തെ സന്തതിക്കു യിസ്രെയേൽ എന്നു പേർ വിളിക്കുക, ഇതിന്റെ അർത്ഥം ദൈവം വിതെയ്ക്കും. അല്ലെങ്കിൽ ദൈവം ചിതറിക്കും. അതുപോലെ തന്നേ ഈ പേര് ചൂണ്ടിക്കാട്ടുന്നത് ദൈവം യിസ്രായേലിനുവേണ്ടി ഒരുക്കിയിരുന്ന ന്യായവിധിയെയാണ് (1:4). കർത്താവു ഹോശെയാവിനോടു വീണ്ടും പറഞ്ഞു. അടുത്ത കുട്ടിയെ കുറിച്ച് ഒരു പുത്രീ, ലോരുഹമാ അർത്ഥം ആകുന്നത് കരുണ ലഭിക്കാത്തവൾ - യഹോവ അവനോടു അവൾക്കു ലോരുഹമാ (കരുണ ലഭിക്കാത്തവൾ) എന്നു പേർ വിളിക്ക; ഞാൻ ഇനി യിസ്രായേൽ ഗൃഹത്തോടു ക്ഷമിപ്പാൻ തക്കവണ്ണം അവരോടു ഒട്ടും കരുണ കാണിക്കയില്ല (1:6). മൂന്നാമത്തെ കൂട്ടി ജനിച്ചു ഒരു മകൻ, ദൈവം പേരു പറഞ്ഞു, ലോ-അമ്മീ അർത്ഥം ആകുന്നത് എന്റെ ജനമല്ല. നിങ്ങൾ എന്റെ ജനമല്ല, ഞാൻ നിങ്ങൾ ക്കു ദൈവമായിരിക്കുകയില്ല എന്നു അരുളി ചെയ്തു (1:9).

ഇവിടെ സാഹചര്യങ്ങൾ വളരെ സങ്കീർണ്ണം ആയിരുന്നു എന്തുകൊണ്ടെന്നാൽ ദൈവം എപ്പോഴും പാപത്തെ വളരെ ഗൗരവമായിട്ടു വീക്ഷിക്കുന്നു, അവിടുത്തെ ജനം ആയവർ ഇതിനെ തരംതാഴ്ത്തി നിസ്സാരമായിട്ടു കണ്ടിരുന്നവർ അവരുടെ ദുഷ്ടതയൊക്കെയും ഞാൻ ഓർക്കുന്നു എന്നു അവർ മനസ്സിൽ വിചാരിക്കുന്നില്ല, ഇപ്പോൾ അവരുടെ സ്വന്ത പ്രവർത്തികൾ അവരെ ചുറ്റിയിരിക്കുന്നു; അവ എന്റെ മുമ്പാകെ ഇരിക്കുന്നു (7:2). കർത്താവ് അവൻ അവരോടു വളരെ കടുപ്പിച്ച് തന്നേ സംസാരിക്കുകയാണ്. അത് അവരുടെ മേൽ യഹോവയുടെ കോപം (ന്യായവിധി) വരുന്നുവെന്ന്.

എന്നിട്ടു അവിടെ ഒരു വലിയ പ്രതീക്ഷ

എപ്പോഴായിരുന്നാലും ഒരു ഭയാനകമായ (പ്രതീക്ഷ നഷ്ടപ്പെട്ട) ഒരു സാഹചര്യം കാണപ്പെട്ടാലും, ഇതായിരുന്നു ദൈവജനത്തിന്റെ അവസ്ഥ. ഹോശേയ പ്രവാ

(ശേഷം 10-ാം പേജിൽ)

(9-ാം പേജിന്റെ തുടർച്ച)

അവിടുന്ന് വരുവോളം അവിടുത്തെ അന്വേഷിച്ചുകൊണ്ടിരിക്കുക

ചകന്റെ കാലഘട്ടത്തിൽ എന്നിട്ടു പ്രവാചകന്റെ സന്ദേശം പ്രതീക്ഷയുടെ ഒരു ക്ഷണ പ്രഭയെ സൂചിപ്പിക്കുന്നു. അവന്റെ സന്ദേശപ്രകാരം ദൈവത്തിന്റെ ഹൃദയം ന്യായവിധിയുടെ അനുഭവത്തിൽ അവിടുത്തെ ജനം കണ്ണുനീർ കുടിക്കുവാനല്ല, പ്രത്യുത മാനസാന്തരപ്പട്ടു, അനുതപിച്ച് കർത്താവിന്റെ മുഖത്തെ അന്വേഷിച്ച് ഒരു ശക്തമായ ആത്മീക ജീവനാൽ പുതുക്കം പ്രാപിക്കുവാൻ വേണ്ടിയാണ്. ചിന്തിക്കുക, ഒരു ഉദാഹരണത്തിനായിട്ടു, അത്ഭുതകരമായ ക്ഷണവും ഒരു വലിയ പ്രതീക്ഷയെ വെളിപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ ഈ പഠനഭാഗത്ത്: " നീതിയിൽ വിതെപ്പിൻ; ദയക്കൊത്തവണ്ണം കൊയ്യുവിൻ; നിങ്ങളുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിനു അവനെ അന്വേഷിപ്പാനുള്ള കാലം ആകുന്നുവല്ലോ. നാം നീതിയിൽ വിതെക്കുന്നുവെങ്കിൽ, ദയയിൽ കൊയ്യുവാൻ കർത്താവു സഹായിക്കും. നാം നമ്മുടെ ഉണങ്ങി വരണ്ട നിലത്തെ ഉഴുതു മറിക്കുന്നുവെങ്കിൽ കർത്താവിനെ അന്വേഷിക്കുന്നുവെങ്കിൽ അവിടുന്നു വന്നു നീതിയോടെ നമ്മുടെമേൽ വാണുഅരുളും. ദൈവം വരും! " അവൻ മഴപോലെ ഭൂമിയെ നനെക്കുന്നു പിൻമഴ പോലെ തന്നേ " (6:3).

അതുപോലെ നമുക്ക് അറിയാം ചരിത്രത്തിൽ ഉണർവ്വിന്റെ കാലം മുതൽ എപ്പോഴാണോ ദൈവം വരുന്നത്, വ്യക്തികളുടെ ജീവിത സാഹചര്യങ്ങളിൽ, പള്ളികളിൽ, സമൂഹങ്ങളിൽ, രാഷ്ട്രങ്ങളിൽ പോലും, വേഗത്തിലും നാടകീയമായിട്ടു സാഹചര്യങ്ങളെ മാറ്റി മറിക്കുവാൻ കഴിയും! ഇത് എന്തുകൊണ്ടെന്നാൽ ദൈവം വരുന്നു, ശക്തിയോടെ (ബലത്തോടെ) അവൻ വരുന്നു, വിശുദ്ധിയും സത്യവും, ബോധ്യത്തോടെയും, രക്ഷ, ജീവിതം, സ്നേഹം, സമാധാനം, സന്തോഷം, അതുപോലെ തന്നേ മഹത്വകരമായ അങ്ങനെയുള്ള അനവധി കാര്യാദികളും ആയിട്ടും നാം ഒരു പക്ഷേ ചിന്തിച്ചേക്കാം ഇത് വളരെ വൈകുമെന്നു ഉണർവ്വ് നമ്മുടെ രാഷ്ട്രത്തിലും അല്ലെങ്കിൽ നമ്മുടെ പള്ളികളിലും അല്ലെങ്കിൽ സമൂഹങ്ങളിലും, അല്ലെങ്കിൽ ചുരുക്കി പറഞ്ഞാൽ നമ്മിൽ തന്നേയും, എന്നാൽ സകലതും സാദ്ധ്യമാണ് ദൈവം വരുമ്പോൾ!

ഞാൻ അടുത്ത കാലത്ത് ഒരു ആഗമന ദൂതന്റെ ലക്കം ശ്രദ്ധിക്കുകയുണ്ടായി. ഒരു പാസ്റ്ററിന്റെ ഭാര്യയാൽ വിശദീകരിക്കുകയാണ്. അവളുടെ കൂടിക്കാഴ്ച 1960 കളിലും 1970 കളിലും ലക്കം ഇങ്ങനെ തലകെട്ടു നല്കിയിരിക്കുന്നത്. നാല്പതു വർഷങ്ങൾക്കു ശേഷം ഇന്നും പ്രഭാതമഞ്ഞ് പോലെ പുതിയതായിട്ട് ഇരിക്കുന്നു. അതുപോലെ ഇതിൽ അവൾ ഇങ്ങനെയാണ് എഴുതിയിരിക്കുന്നത് എന്ത് സംഭവം ആണ് ഒരു വ്യക്തിയുടെ ഹൃദയത്തെ സ്വാധീനിക്കുന്നത്, കഴിഞ്ഞ നാല്പതു വർഷത്തെ മായാത്ത തോന്നലുകളെ ഉപേക്ഷിക്കാതെ, സകലതും ഇന്നലെ സംഭവിച്ചതുപോലെ വ്യക്തമായിട്ടു ഓർത്തെടുക്കുമ്പോൾ എന്നെങ്കിലും താങ്കൾ ക്ക് അനുഭവിക്കുവാൻ സാധിച്ചിട്ടുണ്ടോ ഒരു സ്വർഗ്ഗം അയച്ചതുപോലെ ദൈവത്തിന്റെ വിശുദ്ധമായ ശക്തിയെ (ബലത്തെ) അയച്ചതിനെ, താങ്കൾക്ക് ഇതിന്റെ ഉത്തരം ഉണ്ട്! ഇത് അതുപോലെ തന്നേ താങ്കൾ മിക്കവാറും ശ്രവിച്ചതുപോലെ പറഞ്ഞിരിക്കുന്നു. താങ്കളുടെ ജീവിതം ഒരിക്കലും ലജ്ജിച്ചുപോകുകയില്ല.

ദൈവത്തിന്റെ സാന്നിദ്ധ്യവും ശക്തിയും ഇന്ന് നമ്മുടെ ഈ ദിനങ്ങളിൽ ഉണ്ടായിരിക്കേണം എന്ന് നാം ആഗ്രഹിക്കുന്നില്ലയോ? യെശയ്യാവ് പ്രവാചകനോട് ചേർന്ന് നമുക്കും പറയുവാൻ സാധ്യമല്ലേ, " അയ്യോ, ജാതികൾ തിരുമുമ്പിൽ വിറെക്കത്തക്കവണ്ണം നിന്റെ നാമത്തെ നിന്റെ വൈരികൾക്കു വെളിപ്പെടുത്തുവാൻ തീയിൽ ചുള്ളികത്തുന്നതുപോലെയും " (യെശ. 64:1). അത് ആണ് നമ്മുടെ ആഗ്രഹമെങ്കിൽ, ഹോശയാ 10:12-ൽ വെളിപ്പെടുത്തുന്നു അത് നാം കേവലം മാനസാന്തരപ്പെടുകയും തരിശുനിലങ്ങളെ ഉഴുകയും മാത്രം പോരാ, പ്രത്യുത കർത്താവിനെ അന്വേഷിക്കുകയും വേണം അവിടുന്നു വന്ന് നമ്മുടെ മേൽ നീതി വർഷിപ്പിക്കേണ്ടതിനു ആയിട്ടും. അവൻ വരുന്നു അതുപോലെ നമ്മുടെമൽ നീതി വർഷിപ്പിക്കുന്നു. അതിൻ പ്രകാരം ഉള്ള ഒരു ചെറിയ വാചകം വരെ എന്നിട്ട് ഉണർവ്വിനെ സചേതനം ആക്കുവാൻ.

ഹോശയാ പ്രവാചകന്റെ നാളുകളിൽ ഉണ്ടായിരുന്നതുപോലെ തന്നെ ഇന്നും നമ്മുടെ ഈ നാളുകളിൽ രാഷ്ട്രീയവും, ധാർമ്മികവും, ആത്മീകവും ആയ സമസ്ത മേഖലകളിലും അധപതനവും അരിഷ്ടതയും ആണെന്ന് ചിന്തിക്കുന്നത് അത് എത്രയോ ആവേശം പകരുന്നതാണ്, കർത്താവിന്റെ ഹൃദയപ്രകാരം നാം നീതിയിൽ വിതെക്കേണ്ടിവരും, ദയയിൽ കൊയ്യേണ്ടിവരും, തരിശു നിലങ്ങളെ ഉഴുതുമറിക്കേണ്ടിവരും, കർത്താവിന്റെ മുഖത്തെ നാം അന്വേഷിക്കേണ്ടവരുമാണ്. അവിടുന്ന് വരുന്നതുവരെയും അതുപോലെ നമ്മുടെ മേൽ നീതി വർഷിപ്പിക്കേണ്ടതുമാണ്. ഇതാകുന്നു അവിടുന്നു നമ്മോടുള്ള വിളി. ദൈവത്തിന്റെ ദയയാണ് നമ്മെ മാനാസന്തരത്തിലേയ്ക്ക് നടത്തുന്നത് (റോമ. 2:4). ചോദ്യം ഇതാകുന്നു, അവിടുത്തെ ക്ഷണത്തെ നമ്മുടെ ഹൃദയത്തിലേയ്ക്കു സ്വീകരിക്കുമോ?

ആസ്ബറിയിലേതുപോലുള്ള ഒരു പകർച്ച

നാം എത്രയോ നന്ദിയുള്ളവരായിരിക്കണം ഉണർവ്വിന്റെ കാലഘട്ടത്തിൽ അല്ലെങ്കിൽ ആത്മ പകർച്ച അടുത്ത സമയത്ത് ആസ്ബറി യൂണിവേഴ്സിറ്റിയിൽ അനുഭവമാക്കപ്പെട്ടത്. ഫെബ്രുവരി മാസത്തിന്റെ പതിനാറു ദിവസങ്ങളിൽ ഉണർവ്വ് അനേകം വിദ്യാർത്ഥികളെ സ്വാധീനിക്കുകയും ഉണർത്തുകയും ചെയ്തു. ആ ക്യാമ്പസിനുള്ളിൽ അതുപോലെ മറ്റുള്ള സന്ദർശിക്കപ്പെട്ട ക്യാമ്പസ്സുകളിൽ നിന്നു, അമേരിക്കയുടെ അനവധി സ്ഥലങ്ങളിൽ നിന്നു അവിടെത്തെ ക്യാമ്പസുസന്ദർശിച്ചതിനാൽ അനേകം ആയിരങ്ങൾ ഉണർവ്വിൽ ആയിതീർന്നു. മറ്റുള്ള രാജ്യങ്ങളിൽ നിന്നുള്ളവരും. സർവ്വ കൃപാലുവായ കർത്താവ് ചെറിയ തീപ്പൊരിയുടെമേൽ ആ കാറ്റിനെ ഒന്നു അടിപ്പിച്ച് അത് ഒന്നു ആളിക്കത്തുകയും അങ്ങനെ മറ്റുള്ള അനേകം ക്യാമ്പസ്സുകളിലും സ്ഥലങ്ങളിലും ഇതിന് ഒന്നു തുടക്കം കുറിക്കുവാനും, അതുപോലെ ഔദാര്യമായിട്ടു ഉണർവ്വിനെ ഒന്നു പകരുവാനും ഒരു വലിയ അളവിൽ തന്നേയും!

" നിന്റെ ജനം നിന്നിൽ ആനന്ദിക്കേണ്ടതിനു നീ ഞങ്ങളെ വീണ്ടും ജീവിപ്പിക്കുകയില്ലയോ? യഹോവേ, നിന്റെ ദയ കാണിക്കേണമേ; നിന്റെ രക്ഷ ഞങ്ങൾക്കു നല്കേണമേ. യഹോവയായ ദൈവം അരുളിചെയ്യുന്നതു ഞാൻ കേൾക്കും; അവർ ഭോഷത്വത്തിലേക്കു വീണ്ടും

(ശേഷം 11-ാം പേജിൽ)

താങ്കളെ മുഴുവനായിട്ട് സമർപ്പിക്കുക

താങ്കൾ വളരെ ആത്മാർത്ഥതയോടുകൂടി ആഗ്രഹിക്കുന്നുവോ ദൈവത്തിന്റെ തായ ആഴത്തിലുള്ള വസ്തുത അറിയുവാനും അതുപോലെ ആഴത്തിലുള്ള സമർപ്പണത്തോടുകൂടി നടക്കുന്നതിനും അനുസരിക്കുന്നതിനും എന്തു വില കൊടുത്തും ദൈവീകമായ സത്യത്തെ താങ്കളുടെ ജീവിതത്തിൽ വെളിപ്പെടുത്തുവാനും, എല്ലാ വിധത്തിലും അവിടുന്നു യോഗ്യനാണെന്ന് അംഗീകരിക്കുവാനും? താങ്കൾ സമ്മതിക്കുന്നുവോ ദൈവവചനവും ആത്മാവും താങ്കളിൽ വെളിപ്പെടുത്തുവാൻ താങ്കളുടെ ആത്മാവിന്റെ സത്യസന്ധമായ അവസ്ഥ എന്താണെന്ന്? അത് ഒരു അത്ഭുതകരമായ കാര്യമാണ് മുഴുവൻ ഹൃദയവും ദൈവത്തിന്റെ മുമ്പാകെ ഒന്നു തുറുന്നു കൊടുക്കുവാൻ അത് അവിടുന്ന് താങ്കളോടും സംസാരിക്കുകയും താങ്കളെ കാണിക്കുകയും ചെയ്യും. താങ്കളുടെ ഹൃദയത്തിന്റെ അവസ്ഥ അത് വളരെ വൈകുന്നതിന് മുമ്പെ.

താങ്കൾ ആഗ്രഹിക്കുന്നുവോ ദൈവം താങ്കളോടും സംസാരിക്കുവാൻ. തകർന്നതും നുറുങ്ങിയതുമായ ഒരു ഹൃദയത്തോടു കൂടി ആ തിരുമുമ്പാകെ ഒന്നു വീഴുവാൻ, അവിടുന്നു പ്രവർത്തിക്കും. താങ്കളുടെ ഹൃദയത്തെ ദൈവമുമ്പാകെ ഒന്നു തുറന്നു കൊടുക്കുക. അവിടുത്തെ വിശുദ്ധ വചനത്തിലും താങ്കളെ പൂർണ്ണമായിട്ടു സമർപ്പിക്കുക. ശേഷിച്ചതെല്ലാം ദൈവം തന്നേ പ്രവർത്തിച്ചു കൊള്ളും. സമർപ്പിക്കപ്പെട്ട പാത്രത്തെ അത് വളരെ അധികം ഉപയോഗപ്രദം ആക്കുകയും ചെയ്യും.

അവിടുന്നു ഉപയോഗിക്കുവാൻ തയാറാണ് ആരെയും, ആരാണോ പൂർണ്ണമായിട്ടു അവിടുത്തെ മുമ്പാകെ സമർപ്പിക്കുവാൻ മനസ്സുള്ളവരെ ദൈവത്തിങ്കലേക്കു താങ്കളുടെ ജീവിതത്തെ ഏൽപിച്ചു കൊടുക്കുക, താങ്കളുടെ ആത്മാവിന്റെ സകല വഴികളേയും. എന്തെങ്കിലും വളരെ പ്രധാനപ്പെട്ടതാണെന്നുള്ള ആഗ്രഹം ഇല്ലാതെയും, എന്നാൽ അവിടുത്തെ പാദത്തിൽ താങ്കളെ തന്നെ സകലവിധമായ ബലഹീനതകളോടുകൂടി സമർപ്പിക്കുക. താങ്കളുടെ ജീവിതത്തെ അവിടുത്തെ തിരുമുമ്പാകെ ഏൽപിച്ചുകൊടുക്കുക. താങ്കളെ പൂർണ്ണമായിട്ടു സമർപ്പിച്ചുകൊടുക്കുക. എത്രയോ വേഗത്തിൽ അവിടുന്നു അതിനെ ഉയർത്തി. എടുക്കുകയും അതിനെ ഒരു വലിയ അനുഗ്രഹം ആയിട്ടു പരിവർത്തനം ചെയ്യുകയും ചെയ്യും.

അതെ നമ്മുടെ കർത്താവിന്റെ വരവ് ആസന്നമായിരിക്കുമ്പോൾ, അവിടുത്തോടു കൂടി ആ വിശുദ്ധ സ്ഥലത്തിലേയ്ക്കു നമ്മെ അതിലേയ്ക്കു നയിക്കുന്നു. അത് ദിനന്തോറുമുള്ള നമ്മുടെ ജീവിതത്തിലേക്കു ദൈവപുത്രന്റെ ദൈവീകമായ ജീവിതത്തെ നമ്മിലേയ്ക്കു കൊണ്ടുവരുന്നു. ദൈവത്തിന്റെ പരിശുദ്ധാത്മാവു അവിടുത്തെ മക്കളെ ആഴത്തിൽ താഴ്ത്തി അവിടുത്തെ വരവു ആസന്നമായിരിക്കുമ്പോൾ ദൈവത്തിങ്കലേയ്ക്കു കൂട്ടി ചേർത്തുകൊണ്ടിരിക്കുകയാണ്. പരിശുദ്ധമായ സുവിശേഷത്തിന്റെ ലാളിത്വം നമ്മുടെ ജീവിതത്തിൽ നിന്നു യാതൊരു വിധത്തിലും ഉപേക്ഷിച്ചു കളയുവാൻ നമുക്ക് ഒരിക്കലും സാധ്യമല്ല. ❖

(10-ാം പേജിന്റെ തുടർച്ച)

അവിടുന്ന് വരുവോളം അവിടുത്തെ അന്വേഷിച്ചുകൊണ്ടിരിക്കുക

തിരിയാതിരിക്കേണ്ടതിനു അവൻ തന്റെ ജനത്തോടും തന്റെ ഭക്തന്മാരോടും സമാധാനം അരുളും. തിരുമഹത്വം നമ്മുടെ ദേശത്തിൽ വസിക്കേണ്ടതിനു അവന്റെ രക്ഷ അവന്റെ ഭക്തന്മാരോടു അടുത്തിരിക്കുന്നു നിശ്ചയം " (സങ്കീ. 85:6-9)

❖